ദീപിക



സംഗതിവിവരം.


—:o:—

	പേജ്
മംഗളം	73
പ്രാർത്ഥനാഗീതം	73
ഇൻഡ്യൻ സർക്കലാശ്രമികളും ശാസ്ത്രാഭ്യാസവും ...	73
കൊറിയായിലെ ആചാര വിശേഷങ്ങൾ ...	76
കത്തോലിക്കവിദ്യാഭ്യാസം	77
ഹോൾസാന	81
സ്വതന്ത്രചിന്ത ...	81
ഫിലിപ്പൈൻ ദ്വീപുകളിലെ വിദ്യാഭ്യാസം ...	84
അന്തസ്സുള്ള കവിത ...	86
പരിതാപകരമായ ഒരു ചിത്രം	89
ക്രിസ്തുവിന്റെ സത്യസഭ ...	91
വിജ്ഞാനപ്രദങ്ങളായ രണ്ടു ചിത്രങ്ങൾ ...	93
വിവിധവിഷയങ്ങൾ ...	95

VOL. 3) APRIL, (No. 4

THE CATHOLIC MISSION PRESS ★ KOTTAYAM ★

WIGLE & KLEIN



Dr: ALEXANDER CHULAPARAMBIL

BISHOP OF KOTTAYAM.

I am perfectly satisfied with the glasses you have prescribed for me. It was very gratifying also for me that on your first examining my eyes you found out that my right eye was weaker than the left. The glasses set accordingly have relieved me of the almost continued pain I had in my right eye. Thanking you & wishing you all the blessings of God for success in your business.

etc, etc,

(Sd) † *Alexander.*

നേരിട്ട ഹാജരാകുവാൻ സൌകര്യമില്ലാത്തവർക്ക് എഴുത്തുമൂലം കൺ പരിശോധനയും കണ്ണടനിർദ്ദേശവും ചെയ്യാം.

ചിറയത്തു് അന്തപ്പായി അന്തോണി, തൃശ്ശിവപേരൂർ.

പരസ്യം.

പരീക്ഷയ്ക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും സൌകര്യപ്രദമായ രീതിയിൽ, പുതിയ മഹാകാവ്യപ്രസ്ഥാനലക്ഷണങ്ങൾ അനുസരിച്ചു ഏറുമാനൂർ കെ. എൻ. ശങ്കരപ്പിള്ള അവർകളാൽ വിമർശനം ചെയ്യപ്പെട്ട "കേശവീയമഹാകാവ്യനിരൂപണം" എന്ന ഗ്രന്ഥം തയാറായിരിക്കുന്നു. വില അണ 4 മാത്രം. കുറച്ചു പ്രതികളെ അച്ചടിക്കുന്നുള്ളു. ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

ഏറുമാനൂർ കെ. എൻ. ശങ്കരപ്പിള്ള.

മേനേജർ—കടുത്തുരുത്തി.

കത്തോലിക്കുമിഷ്യൻഡിപ്പൊ

വില്പാനുള്ള പുസ്തകങ്ങൾ.

വേദോപദേശം ഒന്നും രണ്ടും മൂന്നും ഭാഗങ്ങൾ ഒരുമിച്ചുള്ളതിനു	ചക്രം	൭	ക്ലോഡിയസ്—ഒരു നവീന പ്രഹസനം	ചക്രം	൧
ഗൃഹപ്രദീപിക	,,	൫	കത്തോലിക്കുമെത്രാന്മാരുടെ സ്ഥാനാഭിഷേകക്രമം	ണ.	൧൧
ബാലരക്ഷ	,,	൧	മലയാഉനിഘണ്ടു	രൂപാ	൫
ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകൾക്കു വേണ്ടിയുള്ള ഉപചിയുടെ ഒരു ധിരപ്രവൃത്തി	,,	൨	ചെങ്കുമാഹാത്മ്യം	ചക്രം	൧൨
ജ്ഞാനകീർത്തനങ്ങൾ	,,	൧൨	കുടുംബപ്രതിഷ്ഠ	,,	൨
			വിശുദ്ധ മർഗരീത്താ മറിയത്തിന്റെ ജീവചരിത്രം	,,	൭

സുറിയാനിക്രിസ്ത്യാനികളുടെപുരാതനപാട്ടുകൾ.

ശ്രദ്ധേയങ്ങളായ അനേകം ചരിത്രരേഖകൾ അടങ്ങിയിരിക്കുന്ന ഈ പുസ്തകത്തിന്റെ വില ഒരു രൂപയിൽ നിന്നു അര രൂപയാക്കി കുറച്ചിരിക്കുന്നു.

മാനേജർ.

കോട്ടയം മാസിക.

പുസ്തകം 3. 1922 ഏപ്രിൽ ലക്കം 4.

മംഗളം.

പുഷ്പശ്രീയൊടു കേരളത്തിലഖിലം ചേമ്മെ ചരിച്ചീടുമൽ–
ക്കൃത്യം കലരുന്ന "കോട്ടയ"മിതിപ്പേരാറ സന്മാസികേ!
ദിഷ്ടക്കേടണയാതെ നീ സുരുചിരം പ്രീണിച്ചു വാണീടുവാൻ
ശിഷ്ടന്മാരുടെ ദാസനായ ജഗതീനാഥൻ കടാക്ഷിച്ചിടും.

പെരിങ്ങര പി. ഗോപാലപിള്ള.

ധർമ്മാധർമ്മപ്രബോധപ്രകടിതപടുവായാടലറാഢ്യയായ്, സൽ–
ക്കർമ്മത്തിൻ പ്രാപ്തി ലോകർക്കവിരതമരുളിപ്പുണ്യസംപൂർണ്ണയായി;
ശർമ്മം മേന്മേൽ വളർത്തിപ്പുരുതരഗുണസംപുഷ്ടയായ്, പുഷ്ടശോഭം
സമ്മാന്യേ! കോട്ടമെന്യേ വിലസുക വിമലേ! കോട്ടയം മാസികേ!! നീ.

ആറാട്ട ഫ്രാൻസിസ്.

പ്രാർത്ഥനാഗീതം.

(പെരിങ്ങര പി. ഗോപാലപിള്ള)

[മത്തടബാറായ് തന്നാ എന്ന മട്ട്]

പല്ലവി.

ലോകൈകനാഥാ! വിഭോ പാഹിമാം നിത്യം—ലോ

അനുപല്ലവി.

ആഗമപ്പൊരുളായിട്ടേവരും പുകഴ്ത്തുന്ന—ലോ
ആശ്രിതജനതയ്ക്കു ശാശ്വതസുഖമേക–
ദീശ്വരാ സദാകാലം രക്ഷിക്ക ജഗൽപ്പതേ!—ലോ
വാരാളം പരിതാപ വാരാശിയുടെ മദ്ധ്യേ
പാരാതെ പതിച്ചു ഞാൻ പാരവും വലയുന്നു—ലോ
ചെന്തളിരിടയുന്ന ബന്ധുര ചരണം തേ;
ചിന്തയിൽ വിളങ്ങണം ചിന്മയാ മമ നിത്യം—ലോ.

ഇൻഡ്യൻസർക്കുലാശാലകളും ശാസ്ത്രാഭ്യാസവും.

III.

(വി. ജെ. ജോസഫ് എം. എ., (ഓണേഴ്സ്.)

ബ്രിട്ടീഷ് ഇൻഡ്യയിൽ തിരുവിതാംകൂറിലെപ്പോലെ തന്നെ വിദ്യാഭ്യാസപ്രചാരം ഉണ്ടായിട്ടില്ലെങ്കിലും അവിടെയും ഈ വക അനുഭവങ്ങൾ ഏറക്കുറെ കണ്ടുതുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം സിദ്ധിച്ചവരായി, യാതൊരു തൊഴിലിലും പ്രവേശിക്കാൻ പ്രാപ്തിയില്ലാത്തവരായി അനവധി യുവാക്കൾ

ന്മാർ ഇന്നു സഹകരണത്യാഗികളുടെയും വിലാപത്തു സംഘാംഗങ്ങളുടെയും എണ്ണം കയ്യും കണക്കുമില്ലാതെ വർദ്ധിപ്പിച്ചുവരുന്നു. നാട്ടിലെ കൈത്തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തണം, നൂലുനൂല്ലൽ, തുണിനെയിത്താദിയായ തൊഴിലുകൾ എല്ലാവരും അഭ്യസിക്കണം, നാട്ടുകാർ കഴിയുന്നത്ര സ്വദേശവസ്തുക്കൾ തന്നെ ധരിക്കണം. എന്നിങ്ങനെയുള്ള മഹാത്മാ ഗാന്ധിയുടെയും മറ്റും ഉപദേശങ്ങൾ പ്രസംഗപീഠങ്ങളിൽനിന്നു ഉരുവിടാതെല്ലാതെ അവയെ അനുഭവത്തിൽവരുത്തുവാനോ മഹാന്മാരായ നമ്മുടെ നേതാക്കന്മാരെ ന്യായമായി സഹായിപ്പാനോ ഇവരെക്കൊണ്ടു സാധിക്കയില്ല. സൌകര്യം വരുമ്പോൾ ഇക്കൂട്ടരിൽ ചിലർ വിദേശവസ്തുക്കളെ സ്വദേശവസ്തുക്കളെന്നു നാമകരണം ചെയ്തു സാധുക്കളെ തട്ടിച്ചെന്നു വന്നേക്കാം.

ഈവക അനുഭവങ്ങൾക്കെല്ലാം പ്രധാനകാരണം നമ്മുടെ സർവ്വകലാശാലകളിലും വിദ്യാലയങ്ങളിലും ശാസ്ത്രാഭ്യാസത്തിനുവേണ്ട സൌകര്യവും പ്രാധാന്യവും കൊടുക്കാത്തതാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ശാസ്ത്രജ്ഞാനത്തിൻറെ അഭാവംമൂലമാണ് നമ്മുടെ രാജ്യം വ്യവസായവിഷയത്തിൽ ഇത്ര പിന്നോക്കം നിൽക്കുന്നതെന്നു പറയുന്നതിൽ ഭിന്നാഭിപ്രായക്കാർ ഉണ്ടാകുമോ എന്നു തോന്നുന്നില്ല. ശാസ്ത്രജ്ഞാനം സിദ്ധിച്ചിട്ടുള്ളവർക്കു ഏതെല്ലാം തരം തൊഴിലുകളും വ്യവസായങ്ങളും ഏർപ്പെടുത്തുന്നതിനു നമ്മുടെ നാട്ടിൽ സൌകര്യമുണ്ട്. എന്തിനു ഇപ്പോൾ നമ്മുടെനാട്ടിൽ നടപ്പുള്ള വ്യവസായങ്ങളും കൃഷിരീതികളും ശാസ്ത്രരീത്യാ പരിഷ്കരിക്കുന്നപക്ഷം അവയെന്നു ഏതുയോ കൂടുതൽ ആദായകരങ്ങളായി തീരുന്നതാണ്. തങ്ങളുടെ ഉപജീവനമാർഗ്ഗം സ്വാതന്ത്ര്യമായി തേടുന്നതിനുപയോഗിക്കുന്ന വ്യവസായങ്ങളുടെയും തൊഴിലുകളുടെയും അഭാവം നിമിത്തമാണ് വിദ്യാഭ്യാസം സിദ്ധിച്ച നമ്മുടെ യുവാക്കന്മാർക്കു ക്ലാർക്കുദ്യോഗത്തിലും ഗവർമ്മെൻറുദ്യോഗത്തിലും അത്യുത്സാഹം ജനിക്കുന്നതു്. ഈവക ജോലികൾപോലും സിദ്ധിക്കാതെ അലസന്മാരായി കാലം കഴിക്കേണ്ടവർ കൃത്രിമമാർഗ്ഗങ്ങളിലൂടെ തങ്ങളുടെ ശക്തികളെ നയിപ്പിക്കുന്നതിൽ അത്ഭുതപ്പെടുവാനുമില്ല.

നമ്മുടെ സർവ്വകലാശാലകളിൽ ശാസ്ത്രപഠനം തീരെ തിരസ്കരിച്ചിട്ടില്ലെന്നും തുലോം താണതെങ്കിലും ഒരു സ്ഥാനം അതിനും നമ്മുടെ കോളെജുകളിലെയും സ്കൂളുകളിലെയും പാഠപദ്ധതികളിൽ നൽകിയിട്ടുണ്ടെന്നും ചിലർ വാദിച്ചേക്കാം. പക്ഷേ ഈ ശാസ്ത്രപഠനം ശാസ്ത്രരീത്യാ ആയിരിക്കണമെന്നു നമ്മുടെ സർവ്വകലാശാലകൾ വേണ്ടതുപോലെ നിഷ്കർഷിക്കുന്നില്ല. നമ്മുടെ മാനസികവികാസത്തിനും ബുദ്ധിസംസ്കരണത്തിനും വേറും ജ്ഞാനത്തെക്കാൾ കൂടുതൽ ഉപകരിക്കുന്നതു് ആ ജ്ഞാനസമ്പാദനത്തിനായുള്ള നമ്മുടെ ശ്രമവും അതിനായി നാം ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിലും നയങ്ങളിലും ഉള്ള പരിചയവും ആകുന്നു. ശാസ്ത്രാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പറയുന്നതായാൽ ശാസ്ത്രതത്വങ്ങളിലും ശാസ്ത്രനിയമങ്ങളിലും എത്രതന്നെ ജ്ഞാനം നമുക്കുണ്ടായാലും ശാസ്ത്രരീതികളിലും മാർഗങ്ങളിലും നിപുണത സിദ്ധിച്ചിട്ടില്ലെങ്കിൽ നമുക്കു വേണ്ട ബുദ്ധിവികാസമോ നൂതനരീതികളെ കണ്ടുപിടിക്കുന്നതിനുള്ള ശക്തിയോ ഉണ്ടാകുന്നതല്ല. ഈ അവസ്ഥയ്ക്കു ശാസ്ത്രവിഷയങ്ങൾ ശാസ്ത്രരീത്യാ തന്നെ അഭ്യസിക്കണമെന്നു നിഷ്കർഷിക്കാത്തപക്ഷം അവകൾ അഭ്യസിക്കുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടാകുവാൻ മാർഗ്ഗമില്ല.

പ്രത്യേകവ്യവസായങ്ങളും തൊഴിലുകളും അഭ്യസിക്കുന്നതിനു ശാസ്ത്രജ്ഞാനം അത്യന്താപേക്ഷിതമാണെങ്കിലും വേറും ശാസ്ത്രജ്ഞാനംകൊണ്ടു മാത്രം അഭിവൃദ്ധിപ്പെടുത്താവുന്ന വ്യവസായങ്ങൾ വളരെ കുറയും. ശാസ്ത്രജ്ഞാനവും ശാസ്ത്രരീതികളിലുള്ള പരിചയവും വ്യവസായാഭിവൃദ്ധിക്കു പ്രധാനമായിട്ടുപകരിക്കുന്നതു് ഓരോതരത്തിലുള്ള അസംസ്കൃതപദാർത്ഥങ്ങളെയും

നമുക്കുപയുക്തമാക്കിത്തീർക്കുന്നതിനും വ്യവസായരീതികളെ പരിഷ്കരിക്കുന്നതിനും വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനായി പലതരത്തിലുള്ള പരീക്ഷണങ്ങൾ നടത്തുന്നതിലാണ്. ഈവക പരീക്ഷണങ്ങൾ നടത്തുന്നതും ശാസ്ത്രാഭ്യാസത്തിനുശേഷം പ്രത്യേകവ്യവസായങ്ങൾ അഭ്യസിക്കുന്നതും സാധാരണയായി ടെക്ക്നിക്കൽ കോളേജുകളിലാകുന്നു. ഈ കോളേജുകളുടെ ഉപയോഗത്തെപ്പറ്റി എത്രതന്നെ വർണ്ണിച്ചാലും അതു അതിശയോക്തിയായിത്തീരുന്നതല്ല. വ്യവസായങ്ങളിലും തന്മൂലം ഐഹികാഭിവൃദ്ധിയിലും ഇംഗ്ലണ്ട്, അമേരിക്കാ മുതലായ രാജ്യങ്ങൾ ഉയർന്നുനിൽക്കുന്നത് ആ രാജ്യങ്ങളിലെ ടെക്ക്നിക്കൽ കോളേജുകളിൽ ശാസ്ത്രജ്ഞന്മാർ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെയും അവകളുടെ ഫലമായി കണ്ടുപിടിച്ചിട്ടുള്ള അറിവുകളുടെയും നൂതനമാർഗ്ഗങ്ങളുടെയും അനുഭവമാണ്. ചുരുക്കിപ്പറഞ്ഞാൽ ഒരു രാജ്യത്തെ മഹാന്മാരായ ശാസ്ത്രജ്ഞന്മാരുടെ ബുദ്ധിശക്തിയെയും ശാസ്ത്രപരിചയത്തെയും ആ രാജ്യനിവാസികളുടെ അഭിവൃദ്ധിക്കും ക്ഷേമത്തിനും ആയി ഉപയോഗപ്പെടുത്തുന്നതു ഈവക കോളേജുകളാണ്.

ഇത്ര പ്രയോജനകരമായിട്ടുള്ള ടെക്ക്നിക്കൽ കോളേജുകൾ നമ്മുടെ സർവ്വകലാശാലകളുടെ നേതൃത്വത്തിലാവട്ടെ ഗവൺമെൻറു മേൽനോട്ടത്തിലാവട്ടെ നമ്മുടെ രാജ്യത്തു വളരെ കുറവാണെന്നുള്ളതു വളരെ ശോചനീയമാണ്. സർവകലാശാലകൾ സാപ്പാടായിട്ടെങ്കിലും നൽകിവരുന്ന ശാസ്ത്രാഭ്യാസം ടെക്ക്നിക്കൽ കോളേജുകളുടെ അഭാവം നിമിത്തം നമ്മുടെ രാജ്യാഭിവൃദ്ധിക്കോ ജനക്ഷേമത്തിനോ ഉപകരിക്കുന്നില്ല. അന്യരാജ്യങ്ങളിലെ ടെക്ക്നിക്കൽ കോളേജുകളിൽ ലഭിക്കാവുന്ന സൌകര്യങ്ങൾ നമ്മുടെ രാജ്യത്തും സിദ്ധിച്ചിരുന്നെങ്കിൽ നമ്മുടെ സർവകലാശാലാബിരുദധാരികളിൽ പലരും നമ്മുടെ നാട്ടിൽ ഏർപ്പെടുത്താവുന്ന പല നൂതന വ്യവസായങ്ങളും ഒരുപക്ഷേ കണ്ടുപിടിക്കുമായിരുന്നു. ടെക്ക്നിക്കൽ കോളേജുകൾ നമ്മുടെ രാജ്യത്തും സുലഭമായി ഉണ്ടായിരുന്നെങ്കിൽ വ്യവസായലോകത്തിൽ ഇൻഡ്യയുടെ ഇന്നത്തെ സ്ഥാനം അസൂയപ്പെടേണ്ട ഒന്നായിരുന്നേനെ എന്നും നമ്മുടെ രാജ്യനിവാസികൾ ഐഹികാഭിവൃദ്ധിയിൽ മറ്റു പല രാജ്യക്കാരെ അപേക്ഷിച്ചു വളരെ മുന്നിട്ടുനിന്നേനെ എന്നും നിശ്ചയമായി പറയാം.

ചുരുക്കിപ്പറയുന്നതായാൽ നമ്മുടെയും നമ്മുടെ രാജ്യത്തിന്റെയും താല്കാലികസ്ഥിതി ആലോചിക്കുന്നപക്ഷം വിദ്യാഭ്യാസം നിമിത്തം നമുക്കു അഭിവൃദ്ധിയും ഉത്കർഷവും ഉണ്ടാകണമെങ്കിൽ ശാസ്ത്രാഭ്യാസത്തിനു ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം നമ്മുടെ സ്കൂളുകളിലെയും കോളേജുകളിലെയും പാഠപദ്ധതികളിൽ നൽകേണ്ടതത്യാവശ്യമാണ്. ഈ ശാസ്ത്രപഠനം ശാസ്ത്രരീത്യാതന്നെയായിരിക്കണമെന്നുള്ളതിൽ പ്രത്യേകം നിഷ്കർഷയും ഉണ്ടായിരിക്കണം. ശാസ്ത്രപഠനത്തിനു പുറമെ നമുക്കു അവയവപ്രാത്യക്ഷം നൽകുന്നതായ പിന്താരം, ഡ്രോയിംഗ്, കൊത്തുപണി, നെയ്ത്തു മുതലായ ശില്പിവേലകളുംകൂടി സ്കൂൾവിദ്യാഭ്യാസത്തിൽ ഏർപ്പെടുത്തുന്നതു വളരെ പ്രയോജനകരമായിരിക്കും. സർവകലാശാലകൾ നൽകുന്ന ഉയന്തരം വിദ്യാഭ്യാസം സിദ്ധിച്ചശേഷം നമ്മുടെ യുവാക്കന്മാർക്കു ശാസ്ത്രീയപരീക്ഷണങ്ങൾ നടത്തുന്നതിനും പ്രത്യേകവ്യവസായങ്ങൾ അഭ്യസിക്കുന്നതിനും ആയി ടെക്ക്നിക്കൽ കോളേജുകൾ നമ്മുടെ രാജ്യത്തു സുലഭമായി ഏർപ്പെടുത്തേണ്ടതു അത്യന്താപേക്ഷിതമാണ്. ഇനിയെങ്കിലും ഈവിഷയങ്ങൾ നമ്മുടെ വിദ്യാഭ്യാസനേതാക്കന്മാരുടെ ദൃഷ്ടിയിൽ പതിയുമെന്നും മേൽപ്രസ്താവിച്ചിട്ടുള്ള ഭേദഗതികളും പരിഷ്കാരങ്ങളും നമ്മുടെ വിദ്യാഭ്യാസരീതിയിൽ വരുത്തുന്നതിനു സർവ്വകലാശാലക്കാർ ഉത്സാഹിക്കുമെന്നും അതിനായി ഗവൺമെൻറു അവരെ പ്രത്യേകം സഹായിക്കുമെന്നും നമുക്കാശിക്കാം.

കൊറിയായിലെ ആചാരവിശേഷങ്ങൾ.

(എ. ആർ.)

ജപ്പാനും ചൈനായിക്കും മദ്ധ്യേ കിടക്കുന്ന ഒരു ഉപദ്വീപാണ് 'കൊറിയാ'. ആദ്യം അതു് ചൈനാ ഗവൺമെൻറിന്റെ കീഴിലായിരുന്നു. ചൈനാക്കാരുടെ നകത്തിൻകീഴിൽ നിന്നും കൊറിയാ നിവാസികളെ സ്വാതന്ത്ര്യപ്പെടുത്തുന്നതിനെന്നുള്ള ഭാവത്തിൽ 'റഷ്യാ ജാപ്പാൻ' യുദ്ധത്തിനുശേഷം 1909-ൽ ജപ്പാൻകാർ തങ്ങളുടെ രാജ്യത്തോടു ഇതു ചേർക്കപ്പെട്ടു. ജപ്പാനിൽ ദൈനംദിനമെന്നപോലെ വർദ്ധിച്ചുവരുന്ന ജനാവലിക്കു് പാർപ്പിടം കൊടുക്കുന്നതിനുള്ള സ്ഥലാന്വേഷണത്തിൽ ആദ്യം കണ്ടുകിട്ടിയതു കൊറിയായാണ്. ഈ ചെറു രാജ്യത്തിലെ ആചാര വിശേഷങ്ങളെക്കുറിച്ചറിയുന്നതു മാന്യ വായനക്കാർക്കു രസകരമായിരിക്കുമെന്നു കരുതി അവയെപ്പറ്റി സംക്ഷിപ്തമായി പ്രസ്താവിച്ചുകൊള്ളുന്നു. കൊറിയാ നിവാസികളിൽ ഭൂരിപക്ഷമായ ക്രിസ്തേതരസമുദായങ്ങളുടെ ചില ആചാര നടപടികൾ മാത്രമാണ് ഈ ചെറിയ ലേഖന വിഷയം.

വിവാഹക്രമം:—ഇവിടത്തെ വിവാഹക്രമം നമ്മുടേതിൽനിന്നും വളരെ വ്യത്യാസപ്പെട്ടാണ്. പുരുഷനു സാധാരണ പന്ത്രണ്ടോ പതിമ്മൂന്നോ വയസ്സും സ്ത്രീക്കു് പതിനേഴോ പതിനെട്ടോ വയസ്സും ഉള്ളപ്പോഴാണ് വിവാഹം കഴിക്കപതിവു്. പുരുഷനു സ്ത്രീയേക്കാൾ അഞ്ചോ വയസ്സു കുറവായിരിക്കണമെന്നാണ് ജാത്യാചാരനിയമം. 'മണവാട്ടി'കൾക്കു് വിവാഹാവസരത്തിൽ ധരിക്കുന്നതിനുള്ള ആഭരണങ്ങളും വസ്ത്രങ്ങളും വാങ്ങുന്നതിനു പണം പുരുഷൻ തന്റെ ഭാവി ഭാര്യയുടെ മാതാപിതാക്കന്മാരെ ഏല്പിക്കണം. സ്ത്രീയുടെ പ്രായക്കുടുതലനുസരിച്ചു് കൂടുതൽ പണം പ്രസ്താവ ചിലവിലേക്കാവശ്യമുണ്ടു്. പുരുഷൻ കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സംഭാവനകളുടെ ഒരു പട്ടിക ആദ്യമെ സ്ത്രീയുടെ മാതാപിതാക്കന്മാരെ ഏല്പിക്കുന്നു. അവർ അതുകൊണ്ടു തൃപ്തിപ്പെടുന്ന പക്ഷം ഉടനെ സ്ത്രീധനത്തെപ്പറ്റിയുള്ള ആലോചന തുടങ്ങും. വരൻ നിർദ്ധനനെങ്കിൽ പട്ടികയിൽ കാണിച്ച അതിവിശേഷവും വിലകൂടിയതുമായ വസ്ത്രാദികളെല്ലാം എവിടെനിന്നെങ്കിലും കടം വാങ്ങുകയും വിവാഹാനന്തരം ഉടമസ്ഥന്മാക്കു് തിരിച്ചുകൊടുക്കയും ചെയ്യും.

വിവാഹനിശ്ചിത ദിവസം വരൻ എത്ര സാധു തന്നെയായിരുന്നാലും അതിരമണീയമായി അലങ്കരിച്ചു മോടി പിടിപ്പിച്ചിട്ടുള്ള ഒരു വാഹനത്തിൽ കയറി ബന്ധുമിത്രാദികളുടെ അകമ്പടിയോടുകൂടി വധൂഗൃഹത്തിലേക്കു് പുറപ്പെടുന്നു. സ്ഥലത്തെത്തിയശേഷം ഭാര്യാബന്ധുക്കളിൽ ഒരുവനാൽ ഇവർ 'അതിഥിമുറി'യിലേക്കു് കൂട്ടിക്കൊണ്ടു പോകപ്പെടുന്നു. ഇതിനെ തുടർന്നു ഒരു ലഘുഭക്ഷണമാണ് പിന്നീടു നടക്കുന്നതു്.

ഈ അതിഥിമുറിയോടു ചേർന്നു വേറൊരു മുറിയുണ്ടു്. അതിൽ ഒരു ചെറിയ മേശയും, അതിന്മേൽ കുറെ വീഞ്ഞും (Rice Wine) തയാറാക്കപ്പെട്ടിരിക്കും. ഈ മേശയുടെ സമീപമായി വധു രണ്ടു തോഴിമാരോടുകൂടി വരന്റെ വരവിനെ അക്ഷമയായി പാർത്തു നില്ക്കുന്നു. നിശ്ചിതമുഹൂർത്തത്തിൽ വരൻ പ്രവേശിക്കുന്നതും വധു അപ്പന്റെ മുമ്പിൽ മൂന്നു പ്രാവശ്യം സാഷ്ടാംഗം ചെയ്യുന്നതും ഒരുമിച്ചുകഴിയും. ഇതിനിടയിൽ പുരുഷനും രണ്ടു പൂർണ്ണ സാഷ്ടാംഗവും ഒരപൂർണ്ണസാഷ്ടാംഗവും ചെയ്യാതിരിക്കുന്നില്ല.

മുൻ പറയപ്പെട്ട വീഞ്ഞു് ക്ഷണമനുസരിച്ചു വന്നുചേർന്നിട്ടുള്ളവക്കു് നൽകുകയാണ് പിന്നീടുള്ള കൃത്യം. ഈ സല്ക്കാരമദ്ധ്യേ, വധുവരന്മാരുടെ ചുറ്റും കൂടിയിരിക്കുന്ന സ്ത്രീജനങ്ങൾ പ്രത്യേകവിധം തയാർ ചെയ്തിട്ടുള്ള ഒരു ചരടുകൊണ്ടു് വധൂവരന്മാരുടെ കഴുത്തിനു ചുറ്റുമിട്ടു ഒന്നായി ഒരു കെട്ടു

കെട്ടുന്നു. ഇങ്ങനെ വിവാഹകർമ്മം അവസാനിച്ചു. വധൂവരന്മാർ താന്താങ്ങളുടെ മുറികളിലേക്കു് പോകുന്നതോടുകൂടി ക്ഷണിക്കപ്പെട്ടവർക്കായുള്ള സദ്യ ആരംഭിക്കുന്നു. പുതിയ ദമ്പതിമാർക്കു് വിരുന്നിൽ സംബന്ധിക്കാൻ പാടില്ലെന്നു മാത്രമല്ല വിവാഹം കഴിക്കപ്പെട്ട സ്ത്രീ വളരെ ദുഃഖത്തിന്റെയും നൈരാശ്യത്തിന്റെയും ഭാവം കൂടി നടിക്കണം. തന്റെ ചുറ്റും എല്ലാ കായ്യങ്ങളും പൊടിതകൃതിയായി നടന്നാലും അവൾക്കു് സംസാരിക്കുന്നതിനു ഔത്സുക്യാചാരം അനുവദിക്കുന്നതല്ല. അവൾക്കു് എത്രയധികം സമയം സംസാരിക്കാതെ കഴിച്ചുകൂട്ടാൻ സാധിക്കുമോ അത്രയധികം ശ്രേഷ്ഠതയും കുലീനതയും ജനങ്ങളുടെയിടയിലുണ്ടായിരിക്കും. കുറെക്കഴിഞ്ഞു് വധു തന്റെ ഭർത്തൃമാതാപിതാക്കന്മാർക്കും വരൻ തന്റെ ഭാര്യയുടെ അമ്മയ്ക്കും ഓരോ പാത്രം വീഞ്ഞു കൊടുത്തുകൊണ്ടു അവരവർക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നു.

ഇദ്ദേശവാസികളുടെ വിവാഹചടങ്ങുകളിൽ അവസാനകൃത്യം സകലത്തിലും ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുന്നുയെന്നു കാണിക്കുന്നതിലേക്കായി അവൾ തന്റെ ഭർത്താവിന്റെ ചെരിപ്പിന്മേലുള്ള ചരടുകളെ മുട്ടിന്മേൽ നിന്നുകൊണ്ടു അഴിക്കുകയാണു്. അതിനുശേഷം ദമ്പതിമാർ സംസാരിച്ചു തുടങ്ങുകയും വിവാഹചടങ്ങുകളവസാനിക്കുകയും ചെയ്യുന്നു.

ജീവിതക്രമം:—ഒരു ഭവനത്തിൽ, കുടുംബത്തലവന്റെ മക്കളും മക്കളുടെ മക്കളും, അവരുടെ മക്കളുമായി അറുപതുമെഴുപതും അംഗങ്ങൾ വസിക്കുക സാധാരണമാണു്. ഭവനഭിത്തികളും മേച്ചിലുകളുമെല്ലാം ഇവിടങ്ങളിലെ താണതരത്തിലുള്ള വീടുകളോടു തുല്യമാണു്. എന്നാൽ പ്രായേണ എല്ലാ വീടുകളിലും മുൻ പറഞ്ഞതുപോലെ ഒട്ടുവളരെ മുറികളുണ്ടായിരിക്കും. ഇതിലും കുടുംബാംഗങ്ങൾ ഒരുമിച്ചല്ലസിക്കുന്നതിനായുള്ള മുറിയിലും സദാ ഒരു നെരിപ്പോട്ടിൽ തീയുണ്ടായിരിക്കുന്നതാണു്. പുകവലിക്കുന്നതിനായി ബീഡി കഞ്ചാവാദികൾ തീ പിടിപ്പിക്കുന്നതിനു് എല്ലായ്പ്പോഴും ഇവക്കാവശ്യപ്പെട്ടുന്നതുകൊണ്ടാണുപോലും ഇങ്ങനെ ചെയ്യുന്നതിനുള്ള പ്രധാനകാരണം. സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും തന്നെ പുകവലി മുറയ്ക്കു നടത്തും. എന്നാൽ സ്ത്രീകൾ അറുപതുവയസ്സിനു മുമ്പായി അപരവരുടെ ഭവനങ്ങളിൽവെച്ചു മാത്രമേ ഇവ ഉപയോഗിക്കയുള്ളൂ. 'കൊറിയസ്' ശയനത്തിനായി തറ മാത്രമാണു് ഉപയോഗിക്കുക. മുറികൾ ചെറുതായിരുന്നാലും വായുസഞ്ചാരത്തിനു ധാരാളം മാർഗ്ഗമുള്ളവയായിരിക്കുമെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. അടുക്കളമുറി എല്ലായ്പ്പോഴും വളരെ ശുചിയായി സൂക്ഷിക്കുമെങ്കിലും വീട്ടിനുചുറ്റുമുള്ള മുറ്റങ്ങൾ ഭംഗിയായി കരുതാറില്ല. ധനവാന്മാരൊഴികെ, മറ്റുള്ളവർ തങ്ങളുടെ ഭവനത്തിൽ ഒരു മുറി തൊഴുത്തായി ഉപയോഗിച്ചുവരുന്നു.

കത്തോലിക്കവിദ്യാഭ്യാസം.*

[തുടർച്ച]

(റവ. സെബാസ്റ്റ്യൻ എം. കിടങ്ങൂർ)

കത്തോലിക്കവിദ്യാഭ്യാസത്തിന്റെ ആവശ്യവും സർവ്വപ്രധാനവുമായ ആവശ്യകത എത്രമാത്രമുണ്ടെന്നു പ്രതിപാദിച്ചുകഴിഞ്ഞു. ഈ തരുണത്തിൽ അതിന്റെ നിർഗ്ഗമനമാർഗ്ഗങ്ങൾ എന്നുള്ള അടുത്ത പദ്ധതിയെ പുരസ്കരിച്ചു എന്തെങ്കിലും പറയുന്നതിനു മുമ്പായി അതിന്റെ ഭൂതവും അദ്ഭുതപൂർവ്വവുമായ അഭ്യുദയം, അതിൽ സഭയ്ക്കുള്ളസ്ഥാനം എന്നിതുകളെപ്പറ്റി സംക്ഷിപ്തമായ ഒരു പ്രസ്താവന, നമ്മുടെ അനന്തരവും നിരന്തരവുമായ പരിശ്രമത്തിനു

* പുത്തൻപള്ളി സെൻട്രൽ ക്രിസോസ്തോമോസ് സാഹിത്യസാമാജത്തിന്റെ ഒരു അസാധാരണയോഗത്തിൽ ചെയ്ത പ്രസംഗം.

അത് ഒരു മാഗ്ദലേയോ പ്രോസാഹനപന്ഥാവോ ആകുമെങ്കിൽ, ഉത്തമമാ വാതിരിക്കുകയില്ലയെന്നു വിശ്വസിക്കുന്നു. "ഭൂഗർഭാലയങ്ങളിൽ(Catacobs) നിന്നു വിമുക്തയായതിൽ പിന്നെ ഇതുപര്യന്തം മതസംബന്ധവും സന്മാർഗ്ഗികവുമായ വിദ്യാഭ്യാസത്തിനു കത്തോലിക്കസഭ ചെയ്തിട്ടുള്ള ശ്രമം യഥാർത്ഥമായിട്ടുള്ളതും സൽപ്രേരണയോടുകൂടിയതും തുല്യമറ്റുള്ളതുമാണ്" എന്നു മഹാനായ ഗെയിഡ്നെർ അഭിപ്രായം ഇതിന്റെ പാരമാർത്ഥ്യത്തെ വേണ്ടതു വെളിപ്പെടുത്തുന്നുണ്ട്. നിഷ്പക്ഷബുദ്ധികളും സൂക്ഷ്മാവലോകനപടുക്കളും പണ്ഡിതവര്യന്മാരുമായ ആരുടേയും മതം ഇതിൽനിന്നു വ്യത്യസ്തമാകുവാൻ നിവർത്തിയില്ല. ചരിത്രദാരാ ഇത് എങ്ങനെ തെളിയിക്കാം എന്നു പരിശോധിക്കുകതന്നെ.

സഭയുടെ ആരംഭകാലംമുതൽ അതിനു കൊൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്തു വിജയമുണ്ടാകുന്നതുവരെ അതിന്റെ വിദ്യാഭ്യാസസ്ഥിതി അത്ര ഉൽകൃഷ്ടമായ ഒന്നായിരുന്നില്ല. ഒരു ദേവാലയം ഉള്ളിടത്തു അതിനോടുചേർന്നു ഒരു സ്കൂൾ തൽദേവാലയാദ്ധ്യക്ഷന്റെയോ അദ്ധ്യക്ഷന്മാരുടേയോ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്നു. ഇത്രയുംമാത്രമാണ് നാം അറിയുന്നതു് സഭയുടെ ആദിമകാലങ്ങളേയും സംഭവങ്ങളേയും വിമർശകദൃഷ്ട്യാ പരീക്ഷണം ചെയ്തിട്ടുള്ളഗ്രന്ഥകാരന്മാർ ഇതിൽ ഏകാഭിപ്രായക്കാർതന്നെ. ബിൽഹാം അദ്ദേഹത്തിന്റെ 'Ecclesiastical Antiquities' എന്ന ഗ്രന്ഥത്തിലും വിഖ്യാതനായ ഡൊമാസിൻ "Ancient and modern Ecclesiastical principles" എന്ന തന്റെ കൃതിയിലും ഇതേപ്പറ്റി പ്രസ്താവിക്കുന്നു. ഇതുകൂടാതെ ലിംഗാർഡ്, ലോണി ലൂയീസ് നാർഡി എന്നിങ്ങനെ വേറെ പല മഹാന്മാരുടേയും പേരുകൾ ഇവിടെ സൂത്രവ്യങ്ങളാണ്.

വിദ്യാഭ്യാസപ്രചാരത്തിലുള്ള സഭയുടെ ഉദ്യമം എത്രമാത്രം ശ്ലാഘനീയങ്ങളായിരുന്നുവെന്നു അപ്പപ്പോൾ ഉണ്ടായിട്ടുള്ള പല മഹായോഗങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. ആറാം ശതാബ്ദത്തിൽ വെയിസോണിൽവച്ചും എട്ടാം ശതാബ്ദത്തിൽ ഓർലിയൻസിൽവച്ചും കൂടിയിട്ടുള്ള യോഗങ്ങൾ ഫ്രാൻസിലുള്ള വൈദികരെ വിദ്യാഭ്യാസ സംബന്ധമായ അവരുടെ കടമകളെ തെര്യപ്പെടുത്തുന്നു. അതുപോലെതന്നെ 789 ആക്സ്ലാചാപ്പൽ, 805 തിയോൺവിൽ, 813 മേയൻസ്, 826 റോമാ, 829 പാരീസ്, 885 വാലൻസ് എന്നീ സ്ഥലങ്ങളിൽവച്ചും കൂടിയിട്ടുള്ള സംഘങ്ങൾ മറ്റു് ഉദാഹരണങ്ങളാണ്.

വിദ്യാഭാസ വിഷയത്തിലുള്ള സഭയുടെ യത്നം ഏതൊരുകാലത്തേക്കാൾ ആശാസ്യമായിട്ടുള്ളതു മദ്ധ്യ ശതാബ്ദങ്ങളിൽ ആയിരുന്നു. മ്ലേച്ഛവഗ്ഗങ്ങളുടെ വടക്കുനിന്നുള്ള ആക്രമണം – സാരസന്മാരുടെ കിഴക്കുനിന്നുള്ള തൽരംഗപ്രവേശനം — എന്നിതുകൾ നാശപ്രായമാക്കാത്തവയായി ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ക്ഷേമവും ഐശ്വര്യവും രാജ്യങ്ങളിൽ നിന്നു വിട്ടുമാറി. ക്ഷാമംമാത്രം നിലനിന്നു. സാമൂഹ്യോന്നമനഗതികൾക്കു അവ പ്രതിരോധനം അല്ല പ്രയാസവും ഉണ്ടാക്കാതിരുന്നില്ല. അന്നു സഹിതികമായ ഒരു സംരക്ഷ ആരെങ്കിലും ചെയ്തിരുന്നെങ്കിൽ അതു കത്തോലിക്കസന്ന്യാസാശ്രമങ്ങൾ ആയിരുന്നു. ഗിബൺ(rationalist) പറയുന്നു. അന്നു് ഒരു സന്ന്യാസാശ്രമം ഇന്നു ഒരു ഓക്സ്ഫോർഡ് യൂനിവേർസിറ്റിയും കേംബ്രിഡ്ജ് യൂനിവേർസിറ്റിയും കൂടി ചെയ്യുന്നതിനേക്കാൾ കൂടുതൽ ഗുണം ലോകത്തിനു വരുത്തിയിട്ടുണ്ട്.' അല്ലൻ എന്ന ചരിത്രകാരൻ 'മദ്ധ്യശതാബ്ദങ്ങളിലുള്ള വിദ്യാഭ്യാസാഭിവൃദ്ധി കത്തോലിക്കാസഭ ചെയ്തിട്ടുള്ളതു മാത്രമാണ്' എന്നു പറയുന്നു. ഇപ്രകാരം നൈസർഗ്ഗികവും ക്രമാനുഭാവവുമായ അതിന്റെ ഉൽകർഷണത്തിൽ സഭ സംതൃപ്തയായി പതിനാറാം ശതാബ്ദത്തിൽ സെമി

നാരിസ്ഥാപനങ്ങൾ തുടങ്ങി. പിന്നീടു തുടർന്നുള്ള രണ്ടുനൂറ്റാണ്ടുകളിലും, അതിന്റെ വിദ്യാഭ്യാസാഭിവൃദ്ധി ഒട്ടും കുറവല്ലായിരുന്നു.

"സർവകലാശാലകളുടെ സ്ഥാപകയെന്നും പരിഷ്കാരത്തിന്റെ പരിപോഷകയെന്നും അച്ചടിശാലകളുടെ സംവർദ്ധകയെന്നും സദാചാരങ്ങളുടെ ഉദയാചലമെന്നും മറ്റുമുള്ള അഭിസംബോധനകൾക്കു കത്തോലിക്കാസഭ അർഹയാണ്" എന്നൊരു പണ്ഡിതൻ പറഞ്ഞിട്ടുള്ളതു സുപ്രസിദ്ധമാണല്ലൊ. സ്കൂളുകളുടെ എണ്ണം പ്രതിദിനം സംഖ്യാതീതമായി വർധിക്കുകയും അതുപിന്നിട്ടു കൊള്ളുകടേയും സർവകലാശാലകടേയും സ്ഥാപനത്തിനു കാരണമായിത്തീരുകയുംചെയ്തു. ഇവയിൽ Zwoke Bois-le-duc, Colone, Deventer, Vienna, Paris, Louvain എന്നി സർവകലാശാലകൾ അത്ര പുരാതനങ്ങളാണ്. താത്വികമായും താർക്കികമായും സാമാന്യികമായും മറ്റും ഈവക മഹാസ്ഥാപനങ്ങൾ ലോകത്തിനു ചെയ്തിട്ടുള്ള ഗുണങ്ങൾ അവർണ്ണനീയങ്ങളാണ്. "പ്രകൃതിജ്ഞാനത്തിന്റെ യാതൊരുപ്രവാഹഗതിയും തടയപ്പെടാതിരിക്കട്ടെ. പ്രതിഭാവിലാസത്തിന്റെയും ശാസ്ത്രാന്വേഷണത്തിന്റെയും ഫലമായ വിജ്ഞാനകിരണങ്ങൾ അവനിൽ നിപതിക്കട്ടെ എന്നിക്കതിൽ അശേഷം ഭയമുദിക്കുന്നില്ല. അതു ശിഷ്ടം ഒരു ധീമാനായിത്തീരണമെന്നാണ് എന്റെ അഭിലാഷം. വിദ്യാകുളം കൊണ്ട് അവന്റെ ഉള്ളമാനസത്തെ എത്രകണ്ടു സേചനംചെയ്യാൻ കഴിയുമോ തദനുരൂപമായി അവൻ സത്യസന്ധതയും മതതീക്ഷ്ണതയും ഉള്ള ഒരുകത്തോലിക്കാശാസ്ത്രജ്ഞനായിത്തിരുമെന്നുഎനിക്കുറപ്പുണ്ട്" എന്നൊരു സഭയുടെ മുദ്രാവാക്യം എന്നും വന്ദ്യമായ ഒന്നുതന്നെ. "കത്തോലിക്കാമതത്തിൽ ഉണ്ടായിട്ടുള്ളതുപോലെ വിദ്യാശാസ്ത്രപ്രചാരംഗതന്മാർ വേറൊരുമതത്തിലും ഉണ്ടായിട്ടില്ല" എന്നു ബെർജിയർ പറയുന്നതിനെ നമുക്കു ഓർമ്മിക്കാം. കത്തോലിക്കാസഭയിൽ ആദ്യം ഓറിഗൻ, അത്തനഗോറസ്, ജ്യൂസ്റ്റിൻ, തെർത്തുലിയാൻ എന്നിവരും അനന്തരം ജോൺക്രിസോസ്റ്റോം, ബെയിസിൽ, ഗ്രിഗരിനസിയാൻസൻ, അഗസ്റ്റിൻ, ലെയൊ എന്നിവരും പിന്നീടു മഹാനായ ആൾബർട്ട്, ആൻസ്ലം, ബൊനവന്തർ, തോമസ് അകപിനാസ് എന്നിവരും മതസ്തൂണങ്ങളായ ശാസ്ത്രാഗ്രസരന്മാരായിവിളങ്ങുന്നു. കത്തോലിക്കവിദ്യാഭ്യാസത്തിന്റെഅല്ല കത്തോലിക്കാസഭയുടെ സകലവിജയങ്ങളും അതിന്റെ പരിപാലകരായ പാപ്പാമാരെ ആസ്പദമായിട്ടാണിരുന്നിട്ടുള്ളതു്. ഇതു സംബന്ധിച്ചു ഒരുപ്രസ്താവനയ്ക്കു സമയസൌകര്യങ്ങൾ അനുവദിക്കുന്നില്ലാത്തതിനാൽ "It is therefore a historical fact that in every period of the christian world the papacy has always presided over scientific and literary movements just as it has always been at the head of religious and social activities" എന്ന പാസ്റ്ററിന്റെ വാക്യങ്ങളെ മാത്രം ഉദ്ധരിച്ചുകൊണ്ടു ആ ഭാഗം അവസാനിപ്പിക്കുന്നു.

കത്തോലിക്കവിദ്യാഭ്യാസത്തിന്റെ പ്രചുരമായ പ്രചാരത്തിനു അഥവാ അതിന്റെ ആവശ്യനിർവഹണത്തിനു മിക്കവാറും കാരണമായിത്തീർന്നിട്ടുള്ളതു് അതിന്റെ അദ്ധ്യയനസമ്പ്രദായത്തിലുള്ള വൈശിഷ്ട്യമാണ്. വിദ്യാലയം ഒരു യുവാവിനെ എല്ലായ്പോഴും നിജസൃഷ്ടാവിനെ അറിഞ്ഞു ആരാധനചെയ്യുന്നതിനും തന്റെ രാജ്യത്തിനും സമുദായത്തിനും നന്മവരുത്തുന്നതിനും പര്യാപ്തനാകുന്നതിനുള്ള സ്ഥലമാണല്ലൊ. അകത്തോലിക്കസ്കൂളുകളിൽ അദ്ധ്യയനം ചെയ്യുന്നതുകൊണ്ടു ഗുണത്തേക്കാൾദോഷമെ ഉണ്ടാകുകയുള്ളുയെന്നും അതിനാൽ കത്തോലിക്കസ്കൂളുകളിൽതന്നെ വിദ്യാർത്ഥികൾ പഠനകാലം കഴിച്ചുകൂട്ടണമെന്നുമുള്ള ഈദൃശങ്ങളായ നിശ്ചയങ്ങൾ എത്രയൊ മഹൽതത്വങ്ങളാണെന്നു പറയേണ്ടതില്ല. ഈ "സന്മാർഗ്ഗരഹിതമായ വിദ്യാഭ്യാസം വേറേതൊരുപകരണത്തേക്കാൾ ക്രിസ്ത്യാനിലോകത്തെ പവിത്രഹീനവും നാ

രപ്രായവുമാക്കിചെയ്യുന്നു" എന്ന ബെക്ക്സിന്റെയും "അകത്തോലിക്ക സ്ക്കൂളുകൾ ഗർഹ്ണങ്ങളുടെ ഇരിപ്പിടവും പോഷകസ്ഥലവുമാണ്" എന്നു സർ പിച്ചിന്റെയും അഭിപ്രായങ്ങൾ ഇതിന്റെ സൂക്ഷ്മതയെ സുവ്യക്തമാക്കുന്നുണ്ട്. 'എല്ലാ സ്ക്കൂളുകളും പ്രാഥമിക പാഠശാലകൾതുടങ്ങി കോളജുകൾ വരെയും കാതോലികമായിരിക്കണം' എന്ന് നിത്യസ്മരണക്കർഹനായ 13-ാം ലെയോൻമാപ്പാപ്പാ തിരുമനസ്സുകൊണ്ടുകല്പിച്ചരുളുന്നതിനു കാരണം ഇതിന്റെ ഗൌരവത്തെ മനസ്സിലാകായ്കയല്ലാതെ മറ്റൊന്നുമായിരിക്കയില്ല നിശ്ചയം. വിദ്യാഭ്യാസംമൂലം നമ്മുടെ സ്വഭാവം രൂപീകരിക്കുന്നതിനും അതുവഴിയായി നമ്മുടെ മഹത്തായ ജീവിതോദ്ദേശ്യം സാധ്യമാകുന്നതിനും വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാർ, പാഠ്യപുസ്തകങ്ങൾ, സഹപാഠികൾ എന്നുവേണ്ട നമുക്കു ദൈനം ദിനം പരിചയപ്പെടുന്നവരൊ പരിചയപ്പെടുന്നവയൊ ആയ സകലവും നമുക്കു ആദർശങ്ങൾ ആയിരിക്കണം. ഇങ്ങനെ പരിസ്ഥിതികൾ അനുകൂലമായി 'ബൊർഡാർ' അദ്ധ്യയനം ചെയ്യുന്നപക്ഷം 'നമ്മുടെ മിത്രങ്ങൾസൈനികാർട്ടുമായി പത്തിരുന്നവരെങ്കിൽ, നമ്മുടെ സമ്പന്നിവാസികൾ സമാധാനപ്രകൃതരെങ്കിൽ, നമ്മുടെ ഭൃത്യന്മാർ വിശ്വസ്തരെങ്കിൽ, നമുക്ക് നിത്യോപയോഗങ്ങളായുള്ളവയെ കൊണ്ടുവരുന്നവർ സൽസ്വഭാവികളെങ്കിൽ ലോകത്തിന്റെ സ്ഥിതി ഉലോം ഭാഗ്യപ്രദമാകുമെന്നും എന്നാൽ ഇതുകൾ വിദ്യാഭ്യാസത്തെയടിസ്ഥാനപ്പെട്ടിരിക്കുന്നു'വെന്നും റെവറൻഡ് ബക്ക് പറയുന്നതു ഏറ്റവും അനുഭവത്തിൽ വരുത്തുന്നതിനു നമുക്കു സാധിക്കാതിരിക്കയില്ല.

കത്തോലിക്കവിദ്യാഭ്യാസത്തിനു വൈദികലോകത്തോടുള്ള ബന്ധം സുദൃഢവും ചിരപ്രതിഷ്ഠിതവുമായ ഒന്നാണെന്നുള്ളതിനു അന്യപക്ഷമില്ല. വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശം ലോകമറിയുന്നതിനുംഏതനുമൂലമായി അനന്യസാധാരണങ്ങളായ സൽഫലങ്ങൾ അവരിൽ ഉളവാകുന്നതിനും വൈദികർ മറ്റാരേക്കാൾ കൂടുതൽ പര്യാപ്തർതന്നെ. മഹാസമുദായങ്ങളുടെ നേതാക്കന്മാരായിട്ടും അവയുടെ പരിപാലകരായിട്ടും അവയുടെ ഉപദേഷ്ടാക്കളായിട്ടും അവയുടെ സകലവിധ ഭാരവാഹിതാംവഹിക്കുന്നവരായിട്ടും വൈദികർ ലോകത്തിൽ പരിലസിക്കുന്നു. മതസംബന്ധവും തൻമൂലം പാവനവുമായ തങ്ങളുടെ ധർമ്മനിർവഹണത്തിനു അവർ ധനവാനും ദരിദ്രനും, ഉൽകൃഷ്ടനും അപകൃഷ്ടനും, മഹാനും ശ്രുതിഹീനനും, പ്രഭുവിനും ചണ്ഡാളനും—ആർക്കും ഒരുപോലെ ആദരണീയരാണ്. അവർ ക്ലേശഭൂയിഷ്ഠമായ ലോകമയാംബുധിയിൽ തരളതരമായി കാണപ്പെടുന്ന വിവിധതാപവിപൽതരംഗങ്ങളിലൊട്ടുകരകാണാതെ ഉഴലുന്ന ജനസഞ്ചയങ്ങളെ സപ്തരങ്ങളായ സൽപന്ഥാവുകളിൽ ആനയിച്ചിച്ചു സദാ ഭാവുകം അരുളുന്നവരാണ്. അവർ ലോകത്തിന്റെ ദീപങ്ങളാണ്. അവർ അതിന്റെ സംരക്ഷകരുമാണ്. പ്രസംഗമോ പ്രാർത്ഥനകളോ മൂലമാവട്ടെ പ്രവൃത്തികളോ മാതൃകകളോ മൂലമാകട്ടെ അല്പാനല്പങ്ങളും, സാരാസാരങ്ങളും, ക്ലിഷ്ടാക്ലിഷ്ടങ്ങളും, ഗണ്യാഗണ്യങ്ങളുമായി അവർ ചെയ്യുന്ന സകലവും ഒരു പരമമായ അന്ത്യത്തിന്മേൽ അവസാനിക്കുന്നു. ഇതുതന്നെയാണ് കത്തോലിക്കവിദ്യാഭ്യാസവും പ്രദാനംചെയ്യുന്നത്. ശാസ്ത്രീയം എന്നതിനേക്കാൾ പ്രായോഗികമായും പ്രയോഗികം എന്നതിനെക്കാൾ ശാസ്ത്രീയമായും കത്തോലിക്കവിദ്യാഭ്യാസോന്നമനാത്മം, കത്തോലിക്കമതോൽക്കർഷാത്മം, കത്തോലിക്ക ലോകോപകാരാത്മം നിരവധിമാഗ്ഗേണ ഗുരുതരങ്ങളായ ഗുണങ്ങൾ വൈദികർക്കു ചെയ്യാൻ സാധിക്കുന്നതാണ് എന്നുമനസ്സിലാക്കി നിങ്ങളും അല്ലയോ മാന്യമിത്രങ്ങളേ! അതിനായി സർവ്വഥാ, സർവ്വദാ, സർവ്വത്ര നിർവ്യാജമായി നിരങ്കുശമായി നിർഭരമായി നിസ്സീമമായി പ്രയത്നിക്കണമെന്ന അപേക്ഷയോടും ഇതിനു മേല്ക്കുമേൽ സച്ചിദാനന്ദസ്വരൂപനായ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുംകൂടി വിരമിച്ചുകൊള്ളുന്നു.

ഹോസാന്നാ.

(പൊൻകുന്നം വി. ജെ. ജോസഫ്.)

(കുണ്ടുപറമ്പെട്ട്)

വി. മത്തായി 21-ാം അദ്ധ്യായം 1൦ വരെ വാക്യങ്ങൾ.

പരാ പരാത്മജൻ പരമപൂരുഷൻ നിരാമയൻ നരവടിവു കണ്ടുണ്ടേ
പുരാ 'ജറുസലേം' പുരത്തിലാദരാൽ പരാർദ്ധ്യശീലരാ മനുചരരോടും
നരാവലിക്കെഴുമഴലശേഷവും തപരാനപിതം കളഞ്ഞിടുവതിന്നോരോ
വിശിഷ്ട തപങ്ങൾ വചിച്ചൊരിക്കലാ സപശിഷ്യരോടൊത്തു 'ബഥാന്യ'യി
[ൽ വാണാൻ
ഒരുനാളരിശൻ തന്നരയായിമാരിലിരുപേരെ വിളിച്ചിവണ്ണമോതിനാൻ
ഗമിക്ക നിങ്ങളങ്ങടുത്ത ഗ്രാമത്തിൽ അമന്ദമസ്ഥലത്തൊരു കഴുതയെ'
സമം തദർഭകനൊടു ചേർത്തഴിച്ചൊരു ദ്രുമതടത്തിങ്കൽ തളച്ചുകണ്ടിടും
ഭ്രമം വെടിഞ്ഞതിൻകയറഴിച്ചിഹ മമ സമീപമാനയിക്ക തൽക്ഷണം
ഒരുവനിന്നിതേക്കുറിച്ചു നിങ്ങളോടുരച്ചുവെങ്കിലെൻ വചനമോതണം.
ഉടൻ നടന്നവരണഞ്ഞവിടത്തിൽ നടത്തി നായകനരചവയെല്ലാം
കഴുതകൾ പുറത്തവർ നിജ നിജ വെളുത്ത വസ്ത്രങ്ങൾ വിരിച്ച ഭംഗിയിൽ
കുളുത്തു മാനസം പരൻ പുമാനതിൽ മിളദ്രസം കേറിയിരുന്ന യാത്രയായ്
ഇളകിയാളുകൾ, വളർന്ന സംഹതി കിളർന്ന ധ്വളിയും കളകളങ്ങളും
കഴുതതൻ പുറത്തരുളും നാഥൻ തന്നെഴുന്നള്ളത്തിനെപ്പുകഴ്ത്തി ലോകരും
നിരത്തിലാളുകൾ തുണിത്തരങ്ങളെ വിരിച്ചിടൻ ജയ രവം മുഴക്കിയും
ചിലരതി രസാൽ ദ്രുമപർണ്ണങ്ങളെ നലമൊടു വെട്ടി നിലത്തു ചിന്നിയും
തളിർത്ത ശാഖകൾ കിളർത്തി കൈകളിൽ വിളിച്ചു മംഗലവചസ്സു ചൊല്ലിയും
'ജയജയ നരപതിയാം ദാവീദിൻ പ്രിയസുതനെന്ന, മതുപോൽകർത്താവിൻ
മഹിതനാമത്തിൽ വരുവോൻ ധന്യനാം മഹോന്നതസ്ഥിതൻ പരനു സ
[ന്തി, യെ-
ന്നഹോ ജനാവലി വിളിച്ചു തങ്ങളിൽ മഹോത്സവം പരമിയറിയാക്കയും
ശമദമാഢ്യരാം യതികളും നിജ വിമലകോമള മുദ്ദമെയ് കാണുവാൻ
ശ്രമം കഴിച്ചിടുമൊരു പരാത്മകനമലചിത്തർ തൻ മനസ്സിലെപ്പൊഴ-
മമരുമാനന്ദമയസപര്യപകൻ നലമോടിങ്ങനെ ചരിച്ചുടൻ 'ജറു-
സല'ത്തിലെത്തിയാപ്പുരമപൂരുഷനിലയത്തിലണ-—ഞ്ഞതുപോലെന്നുടെ
മനോനിലയത്തിലെഴുന്നരുളുവാൻ കനിയണേ നിത്യം കരുണാസമുദ്രമേ!.

സപതന്ത്രചിന്ത.

(എൻ. ജെ. ജോബ് ബി. എ.)

നിദ്രയില്ലാതിരിക്കുമ്പോൾ മനുഷ്യനു സദാ കുട്ടിയിട്ട അവന്റെ വിചാ
രങ്ങൾ ഉണ്ട്. വിചാരശൂന്യനായി സപല്പനേരമെങ്കിലും കഴിച്ചുകൂട്ടാൻ
സാധാരണക്കാരനു സാധിക്കുന്ന ഒരു കാര്യമല്ല. ഇടിയും മിന്നലും കാറും
ഇല്ലാതെ മഴപെയ്യുന്ന അവസരങ്ങളിൽ വിട്ടിനകത്തിരുന്നു പുറത്തേക്കു നോ

ക്കുന്നതായാൽ ആക്കും ഇല്ലാത്ത വിചാരം ഉണ്ടാകും. മനസ്സിൽ വിചാരമൊ
നുംകൂടാതെ നാം സപ്പുനേരമെങ്കിലും കടിച്ചു പിടിച്ചിരിക്കാമെന്നു ഉദ്ദേശി
ച്ചാൽ ആ ഉദ്ദേശം സാധിക്കുന്നതിനു വളരെ പരിശ്രമം കൂടിയേ തീരു എ
ന്നു പരിചയംകൊണ്ടു മനസ്സിലാക്കുന്നു. നിസ്സാരമെന്നു വിചാരിക്കുന്നവർ
ശ്രമിച്ചുനോക്കട്ടെ. പററി, പററില്ല എന്നാകുമ്പോൾ, വിചാരം കായലിൽ
മടവീഴുമ്പോൾ അതിശക്തിയോടുകൂടി വെള്ളം അലച്ചുകയറുന്നതുപോലെ
പാഞ്ഞു ഉള്ളിൽ കയറാതിരിക്കയില്ല. ഒന്നുമില്ലെങ്കിൽ വിചാരംകൂടാതെ ഇ
രിക്കാൻ എളുപ്പമെന്നോ, അതല്ലെങ്കിൽ താൻ ഒന്നും വിചാരിക്കുന്നില്ലെന്നോ
എന്നൊക്കെ ചിന്തിക്കാതിരിക്കയില്ല എന്നാണ് എന്റെ ധാരണ. തീരെ അ
സാദ്ധ്യമായ ഒരു ജോലിയാണ് മേല്പറഞ്ഞതെന്നു ഞാൻ ശഠിക്കുന്നില്ല. അ
ത്ര സുസാദ്ധ്യമല്ലന്നേ എനിക്കു വാദമൊള്ളു.

നമ്മുടെ പ്രവൃത്തിക്കോ, കാഴ്ചയ്ക്കോ, വിചാരത്തിനോ വല്ല പ്രതിബന്ധ
വും നാം ഉണ്ടാക്കുന്നുങ്കിൽ ആ പ്രതിബന്ധം ഇല്ലാതാക്കണമെന്നു നമുക്കു
ഒരു വിചാരമുണ്ടായിരിക്കും. കാൽ വിരലിൽ വല്ല മുറിവോ ചതവോ ഉള്ള
അവസരത്തിൽ നാം അതു നന്നായി സൂക്ഷിച്ചു തട്ടുകൊള്ളാതെ നടക്കാൻ
ശ്രമിച്ചാൽ മുറിവിലും ചതവിലും അല്ലാതെ മറെറങ്ങും തട്ടുകൊള്ളുകയില്ല. ര
ണ്ടാംപക്കം സുഖക്കേടെല്ലാം നീങ്ങിപ്പോകുമെന്നു വിചാരിച്ചാൽ കുറയാതെ
ഒരു പത്തുദിവസം കൂടെ ആ വിചാരം ഫലപ്പെടാൻ വേണ്ടിവരുമെന്നു നമു
ക്കു എപ്പോഴും അനുഭവമാണ്. പഞ്ചേന്ദ്രിയങ്ങളുടെയും മറും അനുഭവഫ
ലമായി ചിന്താമഗ്നനായിരിക്കുന്ന മനുഷ്യനു വിചാരംകൂടാതെ സപ്പുനേരമെ
ങ്കിലും ഇരിക്കാൻ അസാദ്ധ്യമാണ്. ലോകത്തിൽ ജീവിക്കുന്നു എന്നു അ
റിയണമെങ്കിൽ അവൻ ഓരോ ചിന്തകളിൽ മുഴുകിയിരിക്കണം. ജീവനു
ണ്ടെങ്കിൽ വിചാരവുമുണ്ട്.

എന്നാൽ ഇപ്രകാരം സദാ മനുഷ്യനെ ഇളക്കിക്കൊണ്ടിരിക്കുന്ന ഓരോ
തരം വിചാരങ്ങൾക്കു വല്ല കാരണമോ അടിസ്ഥാനമോ ഉണ്ടോ? ഒരു കാര
ണവും കൂടാതെ നമുക്കു ഒരു വിചാരവും ഉണ്ടാകുന്നതല്ല. കായ്ക്കുന്നതിനു ഒരു
കാരണം വേണമെന്നതു അത്യന്താപേക്ഷിതം തന്നെ. 'കായ്മറിയാതല്ല
കയ്യൽ കുരിക്കു കുടിക്കുന്നതു' എന്നു വിനോദമായിട്ടും മറുമല്ലാ നമ്മുടെ പൂ
ർവികന്മാർ പറയുന്നതു. മനുഷ്യനു ശരിയായി നിയന്ത്രിക്കാൻ പാടില്ലാത്ത
സപ്പത്തിനുകൂടി കാരണമുണ്ടെന്നത്രെ മനഃശാസ്ത്രജ്ഞന്മാർ പറയുന്നതു.
ആ സ്ഥിതിക്കു 'കളിയായിട്ടത്രെ ഞാനിതു' വിചാരിക്കുന്നതെന്നു നമുക്കു പ
റവാൻ നിവൃത്തിയില്ലല്ലൊ.

പക്ഷെ, നമുക്കു സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിചാരങ്ങളുടെ പോ
ക്കു മിക്കവാറും നമ്മുടെ സ്വഭാവത്തെ ആണു ആശ്രയിച്ചിരിക്കുന്നതു. സം
ഗീതത്തിൽ വാസനയുള്ള ഒരാൾക്കു സംഗീതം പഠിക്കണമെന്നും കേൾക്ക
ണമെന്നും വിചാരം സദാ ഉണ്ടായിരിക്കും. സുഖമായി ജീവിക്കണം, വൃ
ത്തിയായി വസ്ത്രം ധരിക്കണം എന്നുമേറും വിചാരിക്കുന്ന ആളിനു അതി
നുവേണ്ട ശ്രമങ്ങൾ ചെയ്യാനാണ് ഉദ്ദേശം. ഏവംവിധം ഓരോ വിചാര
ങ്ങളാൽ പ്രേരിതനാകുന്ന മനുഷ്യന്റെ പ്രവൃത്തിക്കും ആലോചനയ്ക്കും ഓരോ
കാരണങ്ങൾ ഉണ്ടു. അതുകൊണ്ടു നമ്മുടെ വിചാരങ്ങൾ പല ചിന്താനിയ
മങ്ങൾക്കും അടിമപ്പെട്ടിരിക്കുന്നതിനാൽ വിചാരശുദ്ധിക്കും മനസംതൃപ്തിക്കും
വേണ്ടി വിചാരങ്ങൾക്കു അടിസ്ഥാനമായ കാരണങ്ങളെയും നിയമങ്ങളെയും
നന്നാക്കാനാണ് ശ്രമിക്കേണ്ടതു. കതിരിൽ വളം വെച്ചാൽ യാതൊരു പ്ര
യോജനവും കാണാൻ സാധിക്കുന്നതല്ല.

ആത്മസംസ്കരണത്തിനും സമുദായോൽകൃഷ്ണത്തിനും സഹായിക്കു
ന്ന ചിന്തകളുടെ ഉത്ഭവസ്ഥാനം, നമ്മെ സ്വാതന്ത്ര്യകുശലന്മാരാക്കിത്തീർക്കു
ന്ന നിഷ്കളങ്കമായ സംഗതികളിലാണ്. ലോകംചോല്ലും തെറുവാൻ

പാടില്ലാത്ത സംഗതികളിൽ നാം നമ്മുടെ വിചാരത്തെ ഉറപ്പിക്കുന്നു എങ്കിൽ അതു് നമ്മെ പല വികടസാഹസത്തിനു മോചിപ്പിച്ചു്, നമുക്കു അപാരമായ സന്തോഷവും, തൃപ്തിയും പ്രദാനം ചെയ്യുന്നു. സ്വതന്ത്രചിന്ത അപ്പോഴാണു് നമുക്കുണ്ടാകുന്നതു്.

എന്നാൽ അതു എങ്ങിനെ സാധിക്കും? നമുക്കു നല്ലതെന്നു തോന്നുന്ന വഴിയെ ഇറങ്ങിത്തിരിക്കുന്നതാണോ നല്ലതു്, അതോ, മറുവല്ല സഹായങ്ങളും ആവശ്യമുണ്ടോ? ബീജഗണിതത്തിലൊ ക്ഷേത്രഗണിതത്തിലൊ ഉള്ള ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കുവാൻ വല്ലവിധവും ശ്രമിച്ചാൽ ആ ശ്രമംകൊണ്ടു വല്ലതായ ഫലമൊന്നും കാണുന്നതല്ല. ശരിയായ മാർഗ്ഗത്തിൽകൂടി പോയാലെ ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കാൻ സാധിക്കയൊള്ളു. ശബരിമലക്കു പോകാൻ വഴിയേ വല്ലഭാഗത്തേക്കും നോക്കി നടന്നാൽ വല്ലതും സാധിക്കുമോ? അതുപോലെയാണു് മേല്പറഞ്ഞ സംഗതിയുടെയും കാര്യം. അതുകൊണ്ടു നമുടെ സ്വാതന്ത്ര്യത്തിനു പ്രതിബന്ധം യാതൊന്നുമില്ല.

കോടിമലപ്പുലത്തിന്റെ ഇരുവശത്തും കവി ഇട്ടിരിക്കുന്നതുകൊണ്ടു വഴിയെ സ്വാതന്ത്ര്യമായി നടന്നുപോകുന്നതിനു ഒരു പ്രതിബന്ധമല്ലല്ലൊ. 'ഒരു വ്യവസ്ഥയുമില്ലാതെ ഓരോ കാര്യത്തക്കുറിച്ചു ചിന്തിക്കുന്നവനല്ല സ്വാതന്ത്ര്യമായി വിചാരിക്കുന്നതു്. പക്ഷെ ന്യായമായതും പിശകുവരാത്തതുമായ വിധത്തിൽ വിചാരിക്കുന്നവനാണു് സ്വതന്ത്രചിന്തയുള്ളതു്'. എന്നു കാൾപിയേഴ്സൻ (Karl Pearson) പറയുന്നുണ്ടു്. എന്നാൽ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ള മാർഗ്ഗങ്ങൾ നിഷ്പക്ഷപാതമായ അന്വേഷണവും പരീക്ഷണവുമാണു്. സ്വീകാര്യമെന്നു തോന്നുന്നതു സ്വീകരിച്ചു, ത്യാജ്യമെന്നു തോന്നുന്നതു ഉപേക്ഷിക്കയുമാണു വേണ്ടതെന്നു് അദ്ദേഹം ആവശ്യപ്പെടുന്നു. എല്ലാ സംഭവങ്ങളും പരീക്ഷണാർത്ഥം മാത്രം വിശ്വസിക്കേണ്ടിയിരിക്കുന്നു.

ഈ സമ്പ്രദായത്തോടു ക്രിസ്തുമതത്തിനു അത്ര ബഹുമാനമില്ല. ഇതിനു പല കാരണങ്ങളും ഉണ്ടു്. പ്രധാനമായ കാരണം കത്തോലിക്കാസഭ ചരിപ്പിക്കുന്നതിനും വിശ്വസിക്കുന്നതിനും ഒരുമ്പോലും തെറ്റുവാൻ പാടില്ലാ എന്നുള്ള സഭയുടെ വിശ്വാസമാണു്. സഭാനേതാവായ മാപ്പാപ്പാ തിരുമനസ്സിലേക്കു മതസംബന്ധമായി ചെയ്യുന്ന തീരുമാനത്തിൽ യാതൊരു ബുദ്ധവും പിടിപെടാൻ മാർഗ്ഗമില്ലാ എന്നു കത്തോലിക്കർ എല്ലാം വിശ്വസിച്ചുപോരുന്നു. മറെറാരു കാരണമുള്ളതു മൻപ്രസ്താവിച്ചതുപോലെ നമുടെ ചിന്തകളെ ശരിയാംവണ്ണം നിയന്ത്രിക്കുന്നു എങ്കിൽ മാത്രമേ സത്യത്തിൽ പര്യവസാനിക്കുകയൊള്ളു എന്നുള്ളതുകൊണ്ടാണു്. സ്വതന്ത്രചിന്താതല്പരന്മാരായ ചിലർ ഉപയോഗിക്കുന്ന ശാസ്ത്രസംബന്ധമെന്നു ഘോഷിക്കുന്ന മാർഗ്ഗങ്ങളിൽ അബദ്ധങ്ങൾ ധാരാളം ഉണ്ടു്. ശരിയായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനു പകരം ശാസ്ത്രജ്ഞന്മാർ അവരവക്കു തോന്നുന്നതുപോലെയാണു് ഓരോന്നും പരിശോധിക്കുന്നതു്. എല്ലാ സംഭവങ്ങളും പരീക്ഷണാർത്ഥം വിശ്വസിക്കാനിടയുണ്ടെങ്കിൽ തരക്കേടില്ല. ശാസ്ത്രത്തിന്റെ പരിധി തീരെ ഇടുങ്ങിയതാണു്. അതുകൊണ്ടു ശാസ്ത്രതത്വങ്ങൾ ഉപയോഗിച്ചു അസ്ഥിരവും നിഷ്ഫലകരവുമായ സംഗതികളെ അളക്കുന്നതു വളരെ സാഹസമായിരിക്കും; ത്രാസുകൊണ്ടു ഒരു കെട്ടിടത്തിന്റെ നീളവും വണ്ണവും അളക്കാൻ ശ്രമിക്കുന്നതുപോലെയാണു്. അപ്രകാരം സംപൂർണ്ണമെന്നു ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിരിക്കുന്ന മാർഗ്ഗങ്ങൾ ശാസ്ത്രപരിധിയിൽ പെട്ട സംഗതികളെ പരിശോധിക്കുന്നതിനു ഉപയോഗമെങ്കിലും അതിന്റെ അതിരുവിട്ട സംഗതികളെ അളക്കാൻ അതു തീരെ ഉപകരിക്കുന്നില്ല. ഈ ന്യായത്തെ ഗണ്യമാക്കാതെ ശാസ്ത്രജ്ഞന്മാർ കാട്ടിക്കൂട്ടുന്ന പൂർവ്വാപരവിരുദ്ധങ്ങൾക്കു ഒരതിരുമില്ല. ആത്മാവു്, ജീവൻ, ഭൂലോകത്തിന്റെ ഉത്ഭവം, ബുദ്ധിശക്തി മുതലായ സംഗതികളെക്കുറിച്ചു, റ്റിൻഡൽ (Tyndall) ഹെക്കൽ (Haeckel)

ഹക്സിലി (Huxley) തുടങ്ങിയുള്ള ശാസ്ത്രപ്രഭൃതികൾ എഴുതിയിട്ടിരിക്കുന്ന ചില തീരുമാനങ്ങൾ വായിച്ചാൽ ആരും ചിരിച്ചുപോകും. ഇതൊക്കെ അടിസ്ഥാനം ശരിയായി ഉറപ്പിക്കാതെ ഉദ്ഭവിക്കുന്ന ശ്രമങ്ങളുടെ ഫലമാണ്. അതുല്ലെങ്കിൽ സ്വതന്ത്രചിന്തയുടെ ഫലമാണ് എന്നാണെനിക്കു തോന്നുന്നത്.

എന്നാൽ കത്തോലിക്കാമതം ആളുകളുടെ സ്വാതന്ത്ര്യം നശിപ്പിക്കുന്നില്ലയോ എന്നു ചിലർ ചോദിച്ചേക്കാം. അവർ സാക്ഷാൽ സ്വാതന്ത്ര്യമെന്താണെന്നു മനസ്സിലാക്കാഞ്ഞിട്ടാണു ഈ ചോദ്യം ചോദിക്കുന്നത് എന്നു തോന്നുന്നു. തോന്നിയവിധം പ്രവർത്തിക്കുന്നതിനുള്ള സ്വൈരക്കേടല്ല സാക്ഷാൽ സ്വാതന്ത്ര്യം. ജനാധിപത്യമുള്ള രാജ്യങ്ങളിലെ ആളുകൾക്കാണല്ലൊ പൂർണ്ണസ്വാതന്ത്ര്യമുള്ളതു് എന്നുപറയുന്നതു്. അവിടെ ആളുകൾക്കു ഇഷ്ടംപോലെ ഓരൊ പ്രവൃത്തികൾ ചെയ്യാമോ? നീതിന്യായപരിപാലനത്തിനു അവിടെ കോടതികൾ ഒന്നും ഇല്ലെന്നുവരുമൊ? കിണറുവെക്കുന്നു നിൽക്കുന്ന ഒരാൾക്കു കീഴോട്ടു ചാടുന്നതിനും ചാടാതെ തിരിച്ചുപോകുന്നതിനും പൂർണ്ണസ്വാതന്ത്ര്യമുണ്ടെങ്കിൽ കിണറ്റിൽ ചാടിമരിക്കുന്നതിലാണോ അവൻ അവന്റെ സാക്ഷാൽ സ്വാതന്ത്ര്യം കണ്ടെത്തുന്നതു്? വിവേകപൂർവ്വം പ്രവർത്തിക്കാൻ ഈശ്വരൻ നമുക്കു തന്നിരിക്കുന്ന പ്രത്യേകദാനമാണു സാക്ഷാൽ സ്വാതന്ത്ര്യം. അതുല്ലാതെ നല്ലതെന്നു നമുക്കു തോന്നുന്നതുപോലെ ഓരോന്നും പ്രവർത്തിക്കാനുള്ള ന്യായമോ അവകാശമോ അല്ല സാക്ഷാൽ സ്വാതന്ത്ര്യം. അതിനാൽ കത്തോലിക്കമതം, ഇന്നതു ചെയ്യണം, ഇന്നതു ചെയ്യരുതു എന്നു നമ്മോടു ആജ്ഞാപിക്കുന്നു എങ്കിൽ ആ ആജ്ഞകൊണ്ടു നമ്മുടെ സ്വാതന്ത്ര്യം നശിക്കുന്നു എന്നു ചിലർ കരുതുന്നു എങ്കിൽ അതു വെറും തെറ്റിദ്ധാരണയാണെന്നാണ് പറയേണ്ടതു്.

എല്ലാം പരിശോധിച്ചു ത്യാജ്യമെന്നുതോന്നുന്നതു ഉപേക്ഷിച്ചു, സ്വീകാര്യമെന്നുതോന്നുന്നതു അംഗീകരിച്ചു ഇവിടെ കഴിച്ചുകൂട്ടാൻ സാധിക്കുന്ന ഒരു കായ്മുമല്ല. വിശ്വസ്തന്മാർ പറയുന്നതു് വിശ്വസിക്കുന്നതിൽ യാതൊരബദ്ധവും വരാനില്ല. നമുടെ സ്വാതന്ത്ര്യത്തിനു അതുകൊണ്ടു ഒരഭാവവും ഉണ്ടാകാനില്ല. ഈസംഗതി സ്വതന്ത്രചിന്താതല്പരന്മാരും സമ്മതിക്കുന്ന ഒരു തത്വമാണ്. അതുകൊണ്ടാണ് ആക്കൂട്ടർ ഡാർവിൻ, ഹക്സിലി എന്നമഹാന്മാർചെയ്ത പരീക്ഷണങ്ങളെ അബദ്ധമെങ്കിലും സ്വീകരിക്കുന്നതു്. പരീക്ഷണാത്മകം കത്തോലിക്കാ മതസിദ്ധാന്തങ്ങൾ വിശ്വസിക്കുകതാണ് എന്നുവന്നാൽ അതുവീണ്ടും വീണ്ടും പ്രത്യേകം പരിശോധിച്ചു എല്ലാവക്കും ബോദ്ധ്യം വന്നാലെ വിശ്വസിച്ചുകൂടൂ എന്നുപറയുന്നതു് വെറും ഭ്രാന്തുതന്നെ. മതസിദ്ധാന്തത്തിൽ മാത്രം അതു മുക്കടമുഷ്ടി പിടിക്കുന്നവർ മറെറല്ലാ സംഗതികളിലും വേണ്ട പരിശോധന നടത്തിയിരുന്നെങ്കിൽ നന്നായിരുന്നു. അതുകൊണ്ടു കത്തോലിക്കാമതം വെറും അക്ഷരജ്ഞാനമില്ലാത്തവക്കും അപരിഷ്കൃതന്മാക്കുമെ യോജിക്കുകയൊള്ളു, അതു് ആളുകളുടെ സ്വാതന്ത്ര്യം നശിപ്പിക്കുന്നുഎന്നും മറും അടിസ്ഥാനമില്ലാതെ പറഞ്ഞു പുലമ്പിക്കൊണ്ടിരിക്കുന്ന ചില മുറിപരിഷ്കാരികളുടെ വർത്തമാനത്തിൽ ലവലേശവും അടിസ്ഥാനമില്ല, എന്നുനാമെല്ലാവരും ഓർമ്മിക്കേണ്ടതാണ്.

ഫിലിപ്പൈൻദ്വീപുകളിലെ വിദ്യാഭ്യാസം.

(പി. സി. ആൻഡ്രൂസ്)

ഒരു രാജ്യത്തിലെ സർവ്വവിധമായ ശ്രേയസ്സിനും അഭിവൃദ്ധിയ്ക്കും നിദാനമായിട്ടുള്ളതു് ആ രാജ്യത്തിലെ വിദ്യാഭ്യാസമാണെന്നുള്ളതു സർവ്വവിദിതമാകുന്നു. പരിഷ്കൃതരാജ്യങ്ങളിൽ പ്രഥമഗണനീയമായിത്തീർന്നിരിക്കുന്ന ആ

മേരിക്കയിലെ വിദ്യാഭ്യാസരീതി ഉൽകൃഷ്ടവും അനുകരണീയവുമായ ഒന്നത്രെ. പ്രസ്തുതരാജ്യത്തിന്റെ അധികാരസീമയിൽ പെട്ടതും, പാസിഫിക് സമുദ്രത്തിൽ ഏഷ്യാഭൂഖണ്ഡത്തിനു തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്നതുമായ ഫിലിപ്പൈൻദ്വീപുകളിലെ വിദ്യാഭ്യാസസമ്പ്രദായമാണ് ഈ ചെറുലേഖനത്തിനു വിഷയീഭൂതമായിരിക്കുന്നതു്.

ഈ ദ്വീപസമൂഹത്തിലെ വിദ്യാഭ്യാസരീതി ആരോഗ്യസംബന്ധമായും വ്യാവസായികമായും സാഹിത്യപരമായുമുള്ള ത്രിവിധ ഉദ്ദേശങ്ങളോടു കൂടി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. പ്രാഥമികവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും നാലാം സ്റ്റാൻഡാർഡിൽ കൂടുതലായി അദ്ധ്യയനം ചെയ്യുന്നില്ല. തന്നിമിത്തം ഓരോ കൂട്ടിയും മേൽപറഞ്ഞ ഉദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്നു പ്രത്യേകമായി സ്വീകരിച്ച പഠനം ആരംഭിക്കുന്നുണ്ടു്. അവിടത്തെ സാഹിത്യപരമായ വിദ്യാഭ്യാസം, അദ്ധ്യേതാക്കൾ ഇംഗ്ലീഷ്ഭാഷ എഴുതുകയും വായിക്കയും ചെയ്യുന്നതും ചരിത്രം, ഭൂമിശാസ്ത്രം, കണക്കു് ഇവയിൽ സാമാന്യജ്ഞാനം സമ്പാദിക്കുന്നതുമാകുന്നു. ഇതിന്റെ കാലാവധി താരതമ്യേന പരിമിതമായിട്ടുള്ളതത്രെ.

തൊഴിലിനേപ്പറ്റി ഓരോ വിദ്യാർത്ഥിക്കും ബഹുമാനവും ഔത്സുക്യവും ജനിക്കണമെന്നുള്ളതാകുന്നു വ്യാവസായികമായ ഉദ്ദേശം. ആൺകുട്ടികളെല്ലാം ഗൃഹത്തോട്ടങ്ങൾ കൃഷി ചെയ്യുന്നതിനും ആവശ്യപ്പെട്ട ആശാരിപ്പണികൾ ചെയ്യുന്നതിനും സ്വദേശസാമാനങ്ങളാൽ തൊപ്പി, ചെരിപ്പു്, കുട ഇവ നിർമ്മിക്കുന്നതിനും സാധാരണ വ്യാപാരജോലികൾ പരിചയിക്കുന്നതിനും നിർബന്ധിക്കപ്പെടുന്നു. പെൺകുട്ടികൾ ഭക്ഷണസാധനങ്ങൾ പാകം ചെയ്യുക, വസ്ത്രങ്ങൾ, പായ്കൾ, കുട്ടകൾ ഇവ നെയ്യുക, ആദിയായ വിവിധ ഗാർഹികജോലികളും അഭ്യസിക്കുന്നു. ഫിലിപ്പൈൻവിദ്യാഭ്യാസരീതി ആധുനികകാലത്തു സുപ്രസിദ്ധമായിത്തീരുന്നതിനുള്ള പ്രധാനഹേതു അവരുടെ വ്യാവസായികമായ പ്രതിപത്തിയത്രെ. വിദ്യാർത്ഥികളിൽ 91 ശതമാനവും ഓരോ സ്കൂൾദിവസവും ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കേണ്ടതാണ്. ആദികാലങ്ങളിൽ കരപരിശീലനത്തെപ്പറ്റി ജനസാമാന്യം വിരക്തി പ്രദർശിപ്പിച്ചിരുന്നു. അതു വിദ്യാലയങ്ങളിൽ ഉണ്ടാക്കപ്പെടുന്ന സാമാനങ്ങൾ വിറ്റു് ആദായമെടുക്കുന്നതിനുള്ള അദ്ധ്യാപകന്മാരുടെ ഒരു കൌശലമായിരുന്നു എന്നു് അവർ വിശ്വസിച്ചുവന്നു. ഇതിനുംപുറമെ വിദ്യാലയങ്ങളിൽ കുട്ടികളെ അയക്കുന്നതു ജോലി ചെയ്യുന്നതു പഠിക്കുന്നതിനല്ല, കഠിനാദ്ധ്വാനം കൂടാതെയുള്ള കാലക്ഷേപമാർഗ്ഗങ്ങൾ പരിചയിക്കുന്നതിനാകുന്നു എന്നു മാതാപിതാക്കന്മാർ ശഠിക്കയും ചെയ്തിരുന്നു എന്നാൽ കാലാന്തരത്തിൽ എല്ലാത്തരം സ്കൂളുകളിലെയും സർവ്വ ക്ലാസുകളിലും വ്യവസായപരമായ ജോലികൾ കൂടെ അഭ്യസിപ്പിച്ചുതുടങ്ങിയപ്പോൾ മാതൃകരപരിശീലനത്തെപ്പറ്റിയുള്ള അനാസ്ഥയും അനാദരവും അപ്രത്യക്ഷമായിട്ടുള്ളതു്. തൊഴിൽസംബന്ധമായ വിദ്യാഭ്യാസം ഇന്റർമീഡിയറ്റ്ക്ലാസുകളിൽ നടത്തുകയും ഓരോ അദ്ധ്യേതാവും ഓരോ തൊഴിലിൽ പ്രത്യേക വൈദഗ്ധ്യം പ്രാപിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്യുന്നു. സാധാരണവിദ്യാലയങ്ങളിൽനിന്നും വ്യാപാരം, തോട്ടകൃഷി, ഭവനസംരക്ഷണം, ബാങ്കുനടത്തിപ്പു് ഗാർഹികകലകൾ ഇവയേപ്പറ്റിയുള്ള സാമാന്യജ്ഞാനമാണ് വിദ്യാർത്ഥികൾക്കു ലഭിക്കുന്നതു്.

എന്നാൽ ഭവനശുചീകരണം, ഭക്ഷണസംശുദ്ധി, എന്നിവയെ ആസ്പദമാക്കി അദ്ധ്യയനം നടത്തുന്നതും കായികവിനോദങ്ങൾ, പന്തുകളികൾ, ഇവയിൽ ഏർപ്പെട്ടിരിക്കുന്നതും അവരുടെ ആരോഗ്യസംബന്ധമായ വിദ്യാഭ്യാസനമത്രെ. ദിനംപ്രതി 30 മുതൽ 45 മിനിറ്റു സമയം വരെ എല്ലാ ക്ലാസുകളിലും എല്ലാ പ്രായത്തിലുമുള്ള സർവ്വ അദ്ധ്യേതാക്കളും കായികപരിശീലനം

ചെയ്യണമെന്നുള്ളതു നിർബന്ധിതമാക്കിയിട്ടുണ്ട്. ഇവയിലെല്ലാം നല്ല നടത്തയും മര്യാദയേറിയ പ്രവൃത്തികളും അവരുടെ പ്രത്യേകലക്ഷണങ്ങളാകുന്നു. പൌരകൃത്യങ്ങളേയും പൌരാവകാശങ്ങളേയും പഠിയിള്ള പാഠങ്ങൾക്കു അവർ സാവിത്രികമായ പ്രാധാന്യം നൽകിയിരിക്കുന്നു. ബഹുജനങ്ങളെ ഭരിക്കുന്നതിനു് ഒരു സ്വൽപപക്ഷം വിദ്യാഭ്യാസാഭിവൃദ്ധി പ്രാപിക്കുന്നതിനേക്കാൾ അത്യന്താപേക്ഷിതമായിരിക്കുന്നതു്, ദേശവാസികളെല്ലാം യഥാർത്ഥപൌരന്മാരായിത്തീരത്തക്കവണ്ണമുള്ള പരിശീലനം സമ്പാദിക്കുന്നതാകുന്നു എന്നുള്ള തത്വം ഫിലിപ്പൈനിലെ വിദ്യാഭ്യാസസംപ്രദായത്തിന്റെ മുദ്രാവാക്യമാകുന്നു. അതിനാൽ പ്രൈമറിസ്കൂളുകൾ സംരക്ഷിക്കുന്നതും വർദ്ധിപ്പിക്കുന്നതും വിദ്യാഭ്യാസാധികൃതന്മാർ ഒരു മുഖ്യസംഗതിയായി പരിഗണിച്ചിരിക്കുന്നു.

അദ്ധ്യാപകന്മാരും പരിശോധനോദ്യോഗസ്ഥന്മാരും ഏതെങ്കിലും വിഷയങ്ങളിൽ പ്രത്യേക നൈപുണ്യമുള്ളവരായിരിക്കണമെന്നുള്ളതും നിർബന്ധിതമാണു്. അദ്ധ്യാപകന്മാർ ഒഴിവുകാലങ്ങളിൽ ശിക്ഷാക്രമം പരിശീലിക്കുന്നു. പ്രധാനപട്ടണമായ 'മാനില'യിൽ അവരുടെ വെക്കേഷൻസഭകൾ ആണ്ടുതോറും അഞ്ചു ആഴ്ചവട്ടങ്ങളോളം നടത്തപ്പെടുന്നു. ഓരോ സംസ്ഥാനത്തുനിന്നും പ്രധാനഅദ്ധ്യാപകന്മാർ പ്രതിനിധികളായും മറ്റുള്ളവർ സ്വന്തം ചെലവിലും അവയിൽ ഭാഗഭാക്കുകളാകുന്നു. വ്യത്യസ്തപ്പെട്ട പരിതഃസ്ഥലങ്ങളിൽ കുറച്ചുകാലം താമസിക്കുന്നതും പ്രത്യേകവിഷയങ്ങളിൽ കൂടുതൽ അറിവുകൾ ലഭിക്കുന്നതും ഒരേജീവിതവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന പല സ്നേഹിതന്മാരുമായി സംസർഗ്ഗം ചെയ്യുന്നതും അദ്ധ്യാപകന്മാക്കു സർവ്വഥാ പ്രയോജനകരമത്രെ. വിശ്രുതന്മാരായ മഹാന്മാരുടെ പ്രസംഗങ്ങളും മാതൃകാപാഠങ്ങളും പ്രഥമാദ്ധ്യാപകന്മാരുടെയും പരിശോധനോദ്യോഗസ്ഥന്മാരുടെയും കോൺഫ്രൻസുകളും വെക്കേഷൻസഭകളിലെ പ്രത്യേക ചടങ്ങുകളാകുന്നു. പ്രശസ്തന്മാരും ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുമായ അദ്ധ്യാപകന്മാരെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ സന്ദർശിക്കുന്നതും അവരിൽനിന്നും നൂതനഅറിവുകൾ കരസ്ഥമാക്കുന്നതും സംശയനിവാരണം ചെയ്യുന്നതും സാധാരണമാകുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകന്മാരുടെയും ഉപയോഗത്തിനായി പ്രത്യേകം വായനശാലകളും ലൈബ്രറികളും രാജ്യമെങ്ങും സ്ഥാപിക്കുന്നതിൽ ഫിലിപ്പൈൻകാരെത്രയും ജാഗരൂകരായിരിക്കുന്നു. ഹൈസ്കൂൾഅദ്ധ്യാപകന്മാരെല്ലാവരും ഒരു റീഡിംഗ്കോഴ്സ് നടത്തണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതു് അവരുടെ ജോലിക്കു് ഒരു പ്രോത്സാഹനമാർഗ്ഗമാകുന്നു. ഗാർഹികശാസ്ത്രം, കൃഷിശാസ്ത്രം, ആരോഗ്യരക്ഷ, ഡ്രായിങ്ങ്, തയ്യൽവേലകൾ, ചിത്രപ്പണികൾ, കായികാഭ്യാസങ്ങൾ എന്നീ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന അനേകം ലഘുലേഖകളും സർക്കുലറുകളും എഡ്യൂക്കേഷൻബ്യൂറോവിൽനിന്നും മാസംതോറും പ്രസിദ്ധീകരിക്കുന്നുമുണ്ടു്.

പൊതുവെ പറയുന്നതായാൽ, ഫിലിപ്പൈൻദ്വീപുകളിലെ വിദ്യാഭ്യാസസമ്പ്രദായം അനുകരണാർഹവും ആധുനികവിദ്യാഭ്യാസപ്രവർത്തകന്മാരുടെ ശ്ലാഘക്കു പാത്രീഭൂതവുമായ ഒന്നാണെന്നുള്ളതിൽ ഒട്ടും സംശയമില്ല.

അന്തസ്സുള്ള കവിത.

(കെ. വി. കേശവൻ.)

ചില കൊച്ചുങ്ങന്മാരെപ്പോലെ കവിതയ്ക്കും ഇന്നയിടെ അന്തസ്സുണ്ടായിത്തുടങ്ങിയോ എന്നു വായനക്കാർ സംശയിച്ചേക്കാം. എന്നാൽ യഥാർത്ഥം പറയുകതന്നെ പതിവുള്ള ചുരുക്കം ചിലരിൽ ഒന്നാമനായ എനിക്കു് ഇ

തിൽ അശേഷം സംശയമില്ല. പോരെകിൽ ഞാൻ ഇതിനു് ഒരു അനുഭവ സാക്ഷി കൂടെയാണു്.

"അന്തസ്സുള്ള കവിത" യെന്നു കേൾക്കുമ്പോൾ മലയാളികളിൽ ചിലരല്ലാ പലരും വള്ളത്തോളിനെയൊ കുമാരനാശാനെയോ അനുസ്മരിച്ചുപോകുന്നുണ്ടെങ്കിൽ അതു് അബദ്ധമാണു്. ഇവരുടെ ആരുടെയും കവിത അന്തസ്സുള്ള കവിതയായി ഞാൻ ഗണിച്ചിട്ടില്ല. ഏതൊരാ ചില വെള്ളക്കാരുടെ കവിതയ്ക്കു സർട്ടിഫിക്കേറ്റു് എഴുതാൻ തുനിയുകയുമല്ല, അതിനു തക്ക ശേഷിയുമില്ല. ഞാൻ പറയുന്ന തരം അന്തസ്സുള്ള കവിതകൾ ദ.സന്റെയുമല്ല, ഭരതിയുടേതുമല്ല, തുഞ്ചന്റെയുമല്ല, കുഞ്ചന്റെയുമല്ല, ആദികവിയായ വാല്മീകിയുടേതാണോ എന്നുചോദിച്ചാൽ "അല്ല അല്ല" എന്ന മറുപടി പറയാൻ സത്യമായിട്ടും എനിക്കൊരു ക്ലൂസുമില്ല. പിന്നെ ഈ അന്തസ്സുള്ള കവിത ആരുടെ വകയാണെന്നറിവാൻ നിങ്ങൾക്കു ജിജ്ഞാസയുണ്ടെങ്കിൽ പറയാം. പറയിക്കാതെ നിങ്ങൾ സമ്മതിക്കുമോ?

"കവിതാ ധനിതാ ചൈവ സ്വയമേവാഗതാവരാ" എന്നാണതു് അഭിയുക്തവചനം. സ്വയമേ—വാഗതയായ കവിത—എന്നു വെച്ചാൽ തനിയെ (സ്വന്ത മനസ്സാലെ) വരുന്ന കവിതയാണു് ഏറ്റവും നന്നു് എന്നു് ഇതിനർത്ഥം. യോഗ്യന്മാരാരോ പറഞ്ഞതുകൊണ്ടു് ഈ അർത്ഥം ശരിയാണെന്നു പറയുന്നവർ പറഞ്ഞുകൊള്ളട്ടെ. പക്ഷേ നിർബന്ധിച്ചിട്ടു വരുന്ന കവിത ചീത്തയാണെന്നിതിനർത്ഥമില്ലെന്നു സ്പഷ്ടം തന്നെ. അത്രമാത്രവുമല്ല നിർബന്ധിച്ചിട്ടുവരുന്ന കവിത നന്നാണെന്നും യുക്തികൊണ്ടു തെളിയും. അന്തസ്സും അഭിമാനവും ഉള്ളവർ, ആരും നിർബന്ധിക്കാതെ, ഒരുവക വിളിയാച്ചാത്തും ഉണ്ണാൻ നടക്കുന്നവരെപ്പോലെ ഇങ്ങു കയറിവരുമെന്നോ? ഒരിക്കലുമില്ല. അന്തസ്സുള്ളവരെ ഉണ്ണാൻ ക്ഷണിച്ചാൽ "വേണ്ടാ വിശക്കുന്നില്ല" എന്നു് ആദ്യമൊക്കെ വിലക്കിയാലും, "മോരുണ്ടു്, മീനുണ്ടു്, രണ്ടു പറയണ്ണാം" എന്നിങ്ങനെ പല ആവർത്തി നിർബന്ധിച്ചാൽ രണ്ടു പറഞ്ഞിട്ടുപോകുമെങ്കിലും ഇടങ്ങഴി അരിയുടെ ചോറു് ആ വിശപ്പില്ലാത്ത മനുഷ്യൻ ഒരിരിപ്പിനു തന്നെ കുശാലടിച്ചു സാപ്പിട്ടുംകൊണ്ടു എണീറ്റുപോകാറുള്ളതുപോലെ, അന്തസ്സുള്ള കവിത വെളിക്കു വരണമെങ്കിൽ ഇച്ഛാബുദ്ധിമുട്ടുണ്ടു്. നമ്പ്യാരുടെയും എഴുത്തച്ഛന്റെയും മറ്റും കവിത വിളിച്ചാലുടൻ വരുന്നതായിരുന്നു. ടാഗോറിന്റെ കവിതയെ വിളിച്ചുവരുത്താനുള്ള പ്രയാസമേയുള്ളു; ഒരിക്കൽ വന്നുചേർന്നാൽ എത്ര നേരമെങ്കിലും ഒരു മുഷിച്ചിലും കൂടാതെ അങ്ങു താമസിക്കും. വേർഡ്സ്വർത്തു് എന്നൊരു പാശ്ചാത്യകവിയുടെ കവിത വിളിക്കാതെതന്നെ വരുന്നതായിരുന്നു. അവസരത്തിലും, അനവസരത്തിലും, വേണ്ടിടത്തും വേണ്ടാത്തിടത്തും എപ്പോഴും കടന്നുവരുന്ന ഇത്തരം കവിത വാത്മീകിക്കുമുണ്ടായിരുന്നെന്നാണു് പുരാണം. ഇണ ചേർന്നു നടന്ന ക്രൗഞ്ചപ്പക്ഷികളിൽ ഒന്നിനെ ഒരു വേടൻ എയ്തു വീഴ്ത്തിയതുകണ്ടു കോപാവിഷ്ടനായിത്തീർന്ന മുനിയെ സാന്ത്വനപ്പെടുത്താൻ എങ്ങനിന്നെന്നറിയാതെ ചാടിയിറങ്ങിയതാണു് അദ്ദേഹത്തിന്റെ കവിത.

ഇങ്ങനെ കവിതകൾ പലതരത്തിലുണ്ടെന്നു നാം കാണുന്നു. വിളിക്കാതെതന്നെ ഓടിവരുന്നവ ഒരുതരം, വിളിച്ചാൽ വരുന്നവ മറ്റൊരുതരം; നിർബന്ധിച്ചാൽ മാത്രം വരുന്നവ മൂന്നാമതൊരുതരം. ഇവയിൽ ആദ്യം പറഞ്ഞ തരത്തിനു് അന്തസ്സു് തീരെ കുറവു്, ഒടുവിൽ പറഞ്ഞ തരത്തിനു് അന്തസ്സു് ജാസ്തിയുമാണെന്നു മനസ്സിലാക്കണം. ഒടുവിൽപറഞ്ഞതരം കവിതകൾ മലയാളത്തിൽ അത്ര അപൂർവ്വമല്ല തന്നെ. എന്നാൽ ഇനി നാലാമതൊരുതരം കവിതകൂടെയുണ്ടു്. നിർബന്ധിച്ചാലും ഒട്ടു മിക്കപ്പോഴും—അഥവാ ഒരിക്കലും തന്നെ—വരാതിരിക്കുക എന്നതാണു് ഇത്തരം കവിതയുടെ ലക്ഷണം. ഈ കൂട്ടത്തിലാണു് എന്റെ കവിതകൾക്കുള്ള സ്ഥാനം. എന്റെ "അ

ന്തസ്സുള്ള കവിത''കളെ പത്രാധിപന്മാർ ''കൃതജ്ഞതാപൂർവ്വം'' ''മടക്കിഅയ ക്കുക'' പതിവായിരിക്കെ, അന്തസ്സില്ലാത്ത സാധാരണ കവിതകളെ പത്ര ങ്ങളിലും മാസികകളിലുമായി ''ലോകസമക്ഷം'' ''അടിച്ചിറക്കു''ന്നതിന്റെ രഹസ്യം ഇപ്പോൾ മനസ്സിലായോ?

മാസികയ്ക്കു ഒരു ''കവിത'' എഴുതാമെന്നു വിചാരിച്ചു കടലാസും പെൻസിലും എടുത്തുവച്ചുംകൊണ്ടു് എന്റെ കവിതയെ ക്ഷണിക്കയും നിർബന്ധിക്കയും അവളോടു കിഴിഞ്ഞപേക്ഷിക്കുകപോലും ചെയ്താറെ, അന്തസുകാരികളിൽ അഗ്രഗണ്യയായ അവൾ അനുഗ്രഹിക്കുന്ന ഭാവം അശേഷവുമില്ല. ''പ്രാർത്ഥിച്ചാൽ പദമേകും'' എന്നു കേൾപ്പുണ്ടു്. അതു മൂന്നാംതരം കവിതയെപ്പറ്റിയാണെന്നും നാലാംതരക്കാരിയായ താൻ പദമേകാൻപോലും തയ്യാറില്ലെന്നും അവൾ മറുത്തു. അവൾ മറുത്താലും ഞാൻ മടുക്കാൻ തീച്ചയാക്കിയിട്ടില്ലായിരുന്നതിനാൽ ''കൂട്ടാക്കാതെ പിടിച്ചിഴച്ചിട്ടു''വാൻ മുതിർന്നപ്പോഴേക്കു് അവൾ ''സ്തംഭം പിടിച്ച''തോടുകൂടി കവിതയെ കൂട്ടുപിടിക്കാതെതന്നെ ലേഖനമൊന്നു ചമയ്ക്കാൻ ഞാൻ ഒരുങ്ങിക്കഴിഞ്ഞു. എന്റെ അന്തസ്സു ഞാനും വിട്ടുകൊടുത്തില്ല. കവിതയില്ലാതെയും കാര്യം കാണാമെന്നവന്നാൽ ഒരുപക്ഷേ എന്റെ കവിതയുടെ അന്തസ്സു കുറയാനും അവൾ എന്റെ ചൊൽക്കീഴമരാനും ഇടയുണ്ടെന്നു തോന്നുന്നതിനാൽ പത്രാധിപർ സാർ ദയവായി ആ വിഷയത്തിൽ വേണ്ട ഒത്താശകൾ ചെയ്തുതരാൻ അപേക്ഷ.

ചില ജനങ്ങളേപ്പോലെ, തങ്ങളുടെ ''വല്യ ഭാവം'' ആരും അത്ര വകവയ്ക്കുന്നില്ലെന്നാകുമ്പോൾ തനിയെ വന്നു കാൽക്കൽ വീഴുന്ന സ്വഭാവം എന്റെ കവിതയ്ക്കുണ്ടോ എന്നു ഞാൻ ഒന്നു പരീക്ഷിക്കാതിരുന്നില്ല. ഞാൻ വകവെച്ചാലും ഇല്ലെങ്കിലും ''അങ്ങുള്ളിലേതും പ്രസാദമില്ലാ''തെ പോയതു് എന്റെ കഷ്ടകാലം.

ഞാൻ അന്തസ്സില്ലാത്ത കവിയായിട്ടല്ലേ എന്റെ കവിതയ്ക്കു് ഇത്ര അന്തസ്സു് ഉഴുത്തുപോയതെന്നു ചിലർ ചോദിച്ചേക്കാം. എന്നാൽ അങ്ങനെയല്ല. കവിയും കവിതയും ഒരുപോലെ അന്തസ്സുള്ളവരായാലാണു് അവർ തമ്മിൽ യോജിച്ചുപോകാത്തതു്. രാമചന്ദ്രൻ സീതയെ ഘോരാരണ്യത്തിൽ സന്ത്യജിച്ചതു സ്വാഭിമാനരക്ഷയ്ക്കായി രുന്നതുപോലെ തന്നെ നിരപരാധിനിയായ സീത ഈ മഹാദുഃഖം അനുഭവിച്ചുകൊണ്ടു ജീവിതശിഷ്ടം നയിച്ചതു തന്റെ അഭിമാനത്തെ രക്ഷിക്കാനുമാണു്. ചുരുക്കിപ്പറഞ്ഞാൽ ഞാൻ ഒരു നല്ല അന്തസ്സുള്ള കവിയും എന്റെ കവിത ഒരു നല്ല അന്തസ്സുകാരിയുമാണു്.

ഇനി വേണമെങ്കിൽ ''കവിതാവനിതാ.....വരാ'' എന്ന ''മണിപ്രവാള'' പദ്യഖണ്ഡത്തിന്റെ അർത്ഥം പറയാം. കവിതയും വനിതയും സ്വയമേവാഗതകളായി വരാ (=വരികയില്ല)—അതായതു (ശ്രേഷ്ഠമായ) കവിതയും വനിതയും നിർബന്ധഫലമായല്ലാതെ, സ്വന്ത മനസ്സാലെ ഒരിക്കലും വരികയില്ലെന്നു സാരം. ചിലക്കൊക്കെ ഇതു ബോധിക്കയില്ലെന്നെനിക്കറിയാം. ഉള്ളതു പറഞ്ഞാൽ ഒക്കുന്ന കാലമല്ല, പിന്നെന്തുചെയ്യാം?

മഹദ്വാക്യങ്ങൾ.

മിതവ്യയം ഒരു വലിയ ഭൂനികുതിയാകുന്നു. (സിസറൊ)

മഹാന്മാരെ നാം അവരുടെ സൂക്തംകൊണ്ടല്ലാതെ സ്വഭാവത്തുകൊണ്ടു് അളക്കേണ്ടതല്ല. (പ്ലൂട്ടാർക്കസ്)

ഒരുവന്റെ വിജയം ശിക്ഷയിലും നീതിമാന്റെ വിജയം മഹത്വത്തിലും അവസാനിക്കുന്നു. (സെനക്ക)

ബഹുമാനിക്കപ്പെടുമ്പോൾ യഥാർത്ഥമായ വിനയത്തോടെ വർത്തിക്കുന്നവർ ദുർല്ലഭമാണു്. അഗ്രോവിസ്.

പരിതാപകരമായ ഒരു ചിത്രം.

(കെ. ടി. ലോനപ്പൻ)

[കൃഷ്ണഗാഥ or ചെറുശ്ശേരിരീതി,]

അയ്യോ! യിതെന്തു കഥയാണു ലോകരേ!! വയ്യോതുവാൻ മഹാ കഷ്ടം! കഷ്ടം!!
കാണുന്നോർ മാനസം കല്ലാകിലുമൊരു കാണിനേരം സഹിക്കില്ലിക്കാഴ്ച.
കാരിരുമ്പാകിലുമീവിധം പാടുകളാരുമേ കണ്ടുസഹിക്കയില്ല
മാനുഷജാതരിലേകൻ കുരിശിന്മേൽ മാനവിഹിനനായ് തൂങ്ങീടുന്നു
മർത്യാകാരം ലവലേശവുമില്ലിവൻ ഗാത്രമഹോ രക്തക്കട്ടപോലെ
കുത്തുമുത്തുള്ള നൽ മുള്ളുലതകൊണ്ടു തീർത്തൊരു മുൾമുടിയുത്തമാംഗെ,
ചേർത്തുറപ്പിച്ചതുമൂലം സ്രവിക്കുന്ന രക്തം പലവഴിയായിപ്പാരം
നീണ്ടുചുരുണ്ടിരുണ്ടുള്ള വാർകുന്തളം രക്തത്തിൻ കട്ടയായ് തോന്നിടുന്നു
അക്ഷികൾ രണ്ടുമടച്ചു ശിരസ്സിങ്കു ദക്ഷിണപാർശ്വത്തേക്കല്പം ചാച്ചും;
വീണ മുറിപ്പെട്ടുള്ളാനനമേറെവും വീങ്ങി വിളർത്തിതാ കണ്ടീടുന്നു.
വാടി വരണ്ടഹോ കൂടിയിരിക്കുന്ന മോടി കലർന്നുള്ള ചുണ്ടുകളും;
ചോരയാലൊട്ടിയ ശുശ്രൂക്കളും കാരുകിൽ ക്രൂരനും പാരം മനസ്സലിയും.
ലോലമായുള്ള കപോലം ചതഞ്ഞാകെ നീലവർണ്ണപ്രഭ ചൂടിക്കൊണ്ടും,
രക്തം പുരണ്ടുള്ളോരസ്ഥി പുറത്തോട്ട വ്യക്തമായ് കാണുന്ന കാണികൾക്കു.
ഹസ്തങ്ങൾ രണ്ടുമോരോ വശത്തോട്ടങ്ങു നീട്ടിവെച്ചാണികൾ മേടിക്കൊണ്ടും;
പാദങ്ങൾ രണ്ടുമൊന്നോന്നിൻ മുകളിലായ് ചേർത്തുവച്ചാണി തറച്ചുകൊണ്ടും
പൊട്ടിച്ചുതഞ്ഞൊലിച്ചീടുന്ന രക്തവും കട്ടയായ് കാണുന്ന നാലുപാടും.
മുട്ടുകാൽ പൊട്ടിപ്പൊളിഞ്ഞു തൊലി പഴം പട്ടുതുണ്ടെന്നപോൽ തൂങ്ങിടുന്നു.
ചോരയിൽ മുങ്ങിക്കുളിച്ച പഴംതുണിക്കീറിനാൽ മദ്ധ്യം മറച്ചുകൊണ്ടും;
ദക്ഷിണവക്ഷസ്സിലേറെമുറിവിൽ നിന്നെപ്പോഴും രക്തം സ്രവിച്ചുകൊണ്ടും;
കായത്തിൻ ഭാരം താങ്ങിടുവാൻ ശക്തിതൻ കയ്യുകൾക്കില്ലാതെ കീഴോട്ടല്പം
തൂങ്ങിക്കിടക്കുന്ന ഭാരത്താൽ സന്ധികൾ വേർപെട്ട പോമെന്നു തോന്നീടുന്നു.
താങ്ങായി നില്പുന്ന കാലുകൾ മുമ്പോട്ട വാങ്ങി വളഞ്ഞഹോ കണ്ടീടുന്നു.
നീലിമകോലും സിര നിര ദേഹത്തിൽ ധാരാളം കാണുന്ന കാണികൾക്കു
നെട്ടല്ലോടൊട്ടിയ കുക്ഷിയും കായത്തിൻ മട്ടും ഞാനെങ്ങിനെ വർണ്ണിക്കേണ്ടു.
എല്ലുകളൊക്കയുമെണ്ണിയെടുക്കുവാൻ തെല്ലുമൊരായാസം ചെയ്തിടേണ്ട.
അസ്ഥിക്കൂടൊന്നിന്മേൽ കീറിയ നേരിയ വസ്ത്രം നനച്ചുപൊതിഞ്ഞപോലെ,
അല്പാതൊരു നരനാണെന്നു തോന്നുവാനില്ലൊരു മാർഗ്ഗമാ ദേഹം കണ്ടാൽ
കാരണമെന്തുവാനെന്തുയും ധന്യനീ മാരണമേല്പുവാൻ—ആരറിഞ്ഞു? (യോ?
തസ്കരനാകയോ, ഭൂപാലദ്രോഹിയായ് ധിക്കാരിയാകയോ ചെയ്തുപോ
അല്പാതിന്നിത്തരമാപത്തിലെത്തുവാൻ വല്ലതുമല്പമായ് ചെയ്താൽ പോരാ.
നാട്ടിയിരിക്കും കുരിശിൻ ചുവട്ടിലായ് കൂട്ടുകാരുണ്ടവരാരെല്ലാമോ?
നാരിമാരാണവരാപാദചൂഡം നൽ സാരിയാൽ മൂടിപ്പുതച്ചിരിപ്പു.
മുട്ടുകാലൂന്നിട്ടു സ്ത്രീവായിൻ പാദത്തെ കെട്ടിപ്പിടിച്ചേക കേണിടുന്നു.
സാലഭഞ്ജികപോൽ നില്പുന്ന മറെറാരു ലോലാംഗനാമണി ക്രൂശിൻ താഴെ
അക്ഷികൾ രണ്ടും ഹതനായമർത്യന്റെ വക്ഷസ്സിൽ ഗാഢമായ് ചേർത്തുനില്പു.
മുത്തുമണിമാല പോലവൾ കണ്ണുനീർ വീഴ്ത്തുവാൻ കാരണമാരറിഞ്ഞു?
ആരൊക്കെയാണിവരാരാണ് ദേഹിയെ ദൂരെത്യജിച്ചു കിടക്കുന്നതും
ആരാഞ്ഞു നിങ്ങൾ വലയേണ്ട പോകേണ്ട ദൂരം നടന്നു തളർന്നിടേണ്ട.
രക്ഷകനായ ശ്രീ'യേശുവും', മാതാവും, രക്ഷവഴി കണ്ട 'മഗ്ദലൈത്താ'യും,
മൂന്നുപേരല്ലാതെയസ്ഥലത്താരുമേ വേറെയില്ലായതു സൂക്ഷിക്കുവിൻ.

ചക്കിൽ ചതഞ്ഞീടും ദ്രാക്ഷാപഴത്തിനോടൊക്കുമേ യേശുവിൻദേഹമിപ്പോൾ
യേശുവിനംബരസ്പർശനമാത്രത്താൽ വേശ്യാത്വം വിട്ടു സന്മാർഗ്ഗിയായ [തും
'മഗ്ദലൈത്താ' യാണല്ലൊ സ്ലീവായിൻപാദത്തെ കെട്ടിപ്പുണർന്നു കരയുന്ന
തന്മേനിതന്നിൽനിന്നുള്ളൊരു രക്തവും മാംസവുമാണിതെന്നോർത്തുകൊണ്ട
മാതാവു തൻപുത്രദേഹത്തെ വീക്ഷിച്ചു ഖേദം പൊറാഞ്ഞു നിലവിളിക്കുന്ന കാണ്മിൻ
കാണുവിൻ മർത്യരേ! പാണികൾകുപ്പുവിൻ!! വീണ കേണീടുവിൻ പാദ
(ങ്ങളിൽ!!!

ആക്ഷേപമായിക്കുരിശിൽ തൂങ്ങീടുന്നോൻ സാക്ഷാൽ ജഗദീശപുത്രനല്ലോ)
മർത്യരെ രക്ഷിപ്പാൻ പാത്തലെ വന്നോരു കർത്താവിന്നിതുരമത്തലെത്തി.
മാലാഖാതൻ ശീർഷമൂലമുരുവായ ത്രൈലോക്യനാഥൻ തൻപുത്രനിതു്.
പണ്ടു 'നസറേത്തി'ലുണ്ടായിരുന്നോരു പുൽക്കൂട്ടിൽ ജാതനാമുണ്ണിയാണു്.
പൂവ്വദിക്കിന്റെ ഭ്രമാലരാൽ കാഴ്ചകളുപ്പിക്കപ്പെട്ട ശിശുവാണിതു്.
പത്തോട്ടു രണ്ടു ചേർന്നുള്ള വയസ്സിങ്കൽ ശാസ്ത്രജ്ഞരോടു തർക്കിച്ചോനല്ലോ.
'ദീർഘദർശികൾ'മുൻചൊല്ലിയ വാക്കുകൾ ദീർഘംവിടാതെ തികച്ചോനല്ലൊ
'നിവ്യന്മാർ' കാണുവാനേറെ കൊതിച്ചൊരു ദിവ്യമാം ദേഹമാണക്കിടാവു്.
'നാഥകുതന്മാരാം' മാലാഖാവൃന്ദങ്ങൾ നാഥനായു് വാഴ്ത്തുന്ന ദേഹമാണു്.
'ജ്ഞാനാധിക്യരെ'ന്ന ദൂതഗണങ്ങളും സാനന്ദം വാഴ്ത്തീടും ദേഹമാണു്.
'ഭദ്രാസനന്മാരാം' ദൂതന്മാരത്രയും ഭദ്രമായു് കാത്തീടും ദേഹമാണു്.
'താബോർ'മല മോളിൽ വച്ച മഹത്രൂപശോഭയാൽ ശിഷ്യഗണത്തെയേറെ.
അത്ഭുതസന്തോഷവാരാന്നിധിതന്നിൽ നിർഭരം താഴ്ത്തിയ ദേഹമാണു്.
സത്യസ്വരൂപനാണക്ഷയമൂർത്തിയാണാദ്യന്തമില്ലാത്തദേഹമാണു്.
കുത്തുമുറികളാൽ പൊട്ടിപ്പൊളിഞ്ഞേറെ രക്തമണിഞ്ഞുകിടക്കുന്നതും.
രാജാധിരാജക്കും സാമന്ത ശ്രേഷ്ഠക്കും രാജൻ കിരീടത്തെ നൽകീടുന്ന
തേജസ്വരൂപിതനോമന ശീർഷത്തിൽ മുൾമുടി വെച്ച തറച്ചിരിപ്പു.
മൃത്തിന്നു മർത്യനെ സൃഷ്ടിച്ച ജീവന്റെ ശ്വാസത്തെയൂതിയ ചെഞ്ചൊടികൾ
രക്തം പുരണ്ട വരണ്ടുള്ളാകാരത്തിൽ കാണുമാറാക്കിയോനെത്രദുഷ്ടൻ.
പൊട്ടക്കുമന്ധക്കും കേൾവിയും, കാഴ്ചയും പെട്ടെന്നു നൽകിയ തൃക്കരങ്ങൾ;
കാനായിൻ കല്യാണപ്പന്തലിൽ വെള്ളത്തെ വീഞ്ഞാക്കി മാറിയ തൃക്കരങ്ങൾ
അഞ്ചപ്പം കൊണ്ട താനയ്യായിരം പേരെ തൃപ്തിപ്പെടുത്തിയ തൃക്കരങ്ങൾ;
സർവജീവികൾക്കും ഭക്ഷണം നൽകീട്ടു തൃപ്തിയാക്കീടും നൽ തൃക്കരങ്ങൾ;
നീട്ടി മലർത്തിവെച്ചാണിയടിക്കുവാനിഷ്ടം തോന്നിയവനെത്ര ദുഷ്ടൻ.
മാലാഖാ വൃന്ദങ്ങൾ താങ്ങി നിന്നീടുന്ന ചേലൊത്ത കാഞ്ചന തൃപ്പാദങ്ങൾ;
കല്ലും, മുള്ളും നിറഞ്ഞുള്ള വഴികളിലല്ലെന്നേ നരരക്ഷയോർത്തു,
നീതി സുവിശേഷമോതുവാൻ യാത്രകൾ ചെയ്യാടലേറേറാരു തൃപ്പാദങ്ങൾ;
പാദേ പതിച്ചീടുന്നേവക്കും മുകതിയാൽ മോദം കൊടുത്തീടും ചേവടികൾ
ചേർത്തുവച്ചാണി തറയ്ക്കുവാൻ തോന്നിയ മർത്യനെ ദുഷ്ടരിൽ ദുഷ്ടനേറേറം.
ആരാകുന്നിവിധം ദുഷ്കർമ്മം ചെയ്യുവൻ? മാരണമെന്തിനായ് കയ്യേറ്റു താൻ
ആരുമല്ലീവിധം കേട്ടുകേളെല്പിപ്പാൻ കാരണക്കാരൻ ഞാൻ തന്നെയാണ്.
എന്നാൽ കൃതമായ പാപൈകൃഘശക്തിയാണിന്നീ പീഡകൾക്കുള്ളേകമൂലം
വാക്കു, വിചാരം, പ്രവൃത്തികൾ കൊണ്ടും ഞാൻ; നോക്കിനാലുമഘമെത്ര
[ചെയ്തു;
മന്നിൽ പിറപ്പാനും, ഖിന്നതയേല്പാനും സംഗതിയെൻ പാപശക്തിതന്നെ.
രക്തം വിയർപ്പാനും, യൂദർ പിടിപ്പാനും സംഗതിയെൻ പാപശക്തിതന്നെ.
ക്രൂശു ചുമപ്പാനും, പ്രീശരടിപ്പാനും സംഗതിയെൻ പാപശക്തിതന്നെ.
മുൾമുടിവെപ്പാനും, കൈകാൽ തുളപ്പാനും സംഗതിയെൻ പാപശക്തിതന്നെ.
വക്ഷസ്സു കുത്തിപ്പിളർപ്പാനും, ക്രൂശിന്മേൽ തൂങ്ങി മരിപ്പാനും കാരണമെൻ;
പാപൈകൃഘശക്തിയാണല്ലാതെ മറ്റൊന്നും പാപവിനാശകനില്ല ഭൂമൌ.

കർത്താവെ! മർത്യരെപ്പാലിക്കാനായ് മുദാ പാർത്തലെ വന്നോരു ദേവസൂനോ!!
ഓർത്തുമോക്കാതെയുമെത്രയോ പാപങ്ങൾ ധാർത്തനായുള്ളിവൻ ചെയ്തുപോയി.
നീക്കമില്ലാത്തനിൻ നീതിനടത്തുകിൽ നീക്കം വിനാനരകാഗ്നിതന്നെ.
തക്കമില്ലായതു ചെയ്യാനിത്രകാലം പാർത്തതിന്നായി ഞാൻ കൈതൊഴുന്നേൻ.
വേശ്യയാം 'മഗ്ദലൈത്താ'യേയും, നിൻ ദക്ഷിണപാർശ്വത്തിൽ തൂങ്ങിയ
കള്ളനേയും,
രക്ഷിച്ചില്ലേ; മഹാ പാപിയാമെന്നെയും മോക്ഷഭാഗ്യപ്രാപ്തനാക്കീടേണം.
വക്ഷസ്സുകുത്തിപ്പിളർന്ന 'ലൊങ്കീനോസിൻ' അക്ഷിക്കു കാഴ്ച നീ നല്കിയല്ലൊ
പാപാന്ധകാരത്താലന്ധനായ് മേവുമീ പാപിക്കു ജ്ഞാനക്കണ്ണേകിടേണം.

ക്രിസ്തുവിന്റെ സത്യ സഭ.

II.

(ഫാദർ തോമസ് എം. മണ്ണഞ്ചേരി)

ഒന്നാം നൂറ്റാണ്ടിൽ കൺസ്റ്റാന്റിനോപ്പിൾ പാത്രിയക്കീസായിരുന്ന ഇഗ്നേഷ്യസിനെ അവിടെ നിന്നും ബഹിഷ്ക്കരിച്ചിട്ട്, ഫോഷിയസ് എന്ന പേരായ ഒരാൾ രാജബലത്തെ മാത്രം ആശ്രയിച്ചുകൊണ്ട്, ആ മെത്രാസനത്തെ കൈവശപ്പെടുത്തുകയുണ്ടായി. ഫോഷിയസിന്റെ നീതിഹീനമായ പ്രവൃത്തിയെക്കുറിച്ച് മാർപ്പാപ്പാ അയാളെ കുറപ്പെടുത്തുകയും ശപിക്കയും ചെയ്തുകൊണ്ട്, അയാൾ അത്യന്തം കുപിതനായി ക്രൈസ്തവലോകത്തിന്റെ ഐക്യത്തിൽ നിന്നും പിരിഞ്ഞുപോകയും അന്നുവരെ കത്തോലിക്കാ സഭയോടു് ഏകമായിരുന്ന ഗ്രീക്കു സഭയെ ഒരു സ്വതന്ത്രസഭയായി പ്രഖ്യാപനം ചെയ്കയും ചെയ്തു. ഇപ്രകാരം ക്രൈസ്തവമതത്തിന്റെ ആരംഭം മുതൽ ഉണ്ടായിട്ടുള്ള എല്ലാ മതഭേദങ്ങളുടേയും പാഷണ്ഡമതങ്ങളുടെയും ഹേതു, തൽസ്ഥാപകന്മാരുടെ സ്വാർത്ഥതല്പരതയും വിഷയാസക്തിയും അഹങ്കാരവും മാത്രമായിരുന്നെന്നു് ചരിത്രമുഖേന ആർക്കും ഗ്രഹിക്കാവുന്നതാണ്.

കത്തോലിക്കാ സഭയ്ക്കെതിരായി ഇപ്പോൾ ലോകത്തിൽ പ്രചരിച്ചിട്ടുള്ള പ്രധാന മതങ്ങളിൽ ഒന്നു് പ്രോട്ടസ്റ്റണ്ടുമതമാണല്ലൊ. പതിനാറാം നൂറ്റാണ്ടു മുതൽ ഇടവിടാതെ കത്തോലിക്കാ സഭയോടു മത്സരിച്ചുകൊണ്ടു നില്ക്കുന്ന ഈ മതത്തെപ്പറ്റി ചില സൂചനകൾ ഈ തരുണത്തിൽ അസ്ഥാനത്തായിപ്പോകുമെന്നു തോന്നുന്നില്ല. പ്രോട്ടസ്റ്റണ്ടു മതത്തിന്റെ സ്ഥാപനോദ്ദേശ്യം തന്നെ, അതുവരെ ലോകത്തിൽ ഉണ്ടായിരുന്ന ക്രിസ്തീയ സഭയെ ഒന്നു് പരിഷ്ക്കരിക്കണമെന്നുള്ളതായിരുന്നല്ലൊ. ക്രിസ്തുവിന്റെ സഭ തെറ്റിപ്പോയി എന്നും ദുഷിച്ചു പോയി എന്നും അതിനെ ഒന്നു് പരിഷ്ക്കരിക്കേണ്ടതു് ആവശ്യമായിരിക്കുന്നുവെന്നും, ഇതിലേക്കായി തങ്ങൾ ദൈവത്താൽ നിയുക്തരായിരിക്കുന്നുവെന്നും, അത്രെ ഈ മതസ്ഥാപകന്മാർ ഘോഷിച്ചിരുന്നതു്. ഇപ്രകാരം ക്രിസ്തീയ സഭയെ പരിഷ്ക്കരിക്കാനായി ദൈവത്താൽ അയക്കപ്പെട്ടവരെന്നു് സ്വയം പ്രശംസിച്ചിരുന്നവരായ ഈ "വിദ്വാന്മാരുടെ" ജീവിതം ഈ വാദത്തെ ഒട്ടും തന്നെ അനുകൂലിക്കുന്നതല്ലായിരുന്നുവെന്നു് മാത്രമല്ലാ, ഈദൃശമായ ഒരു പ്രസ്ഥാനത്തിനു് അവർക്കു് ഒട്ടും തന്നെ അർഹതയില്ലായിരുന്നുവെന്നു കൂടി വിളിച്ചറിയിക്കുന്നുണ്ട്. അവരെല്ലാവരും തന്നെ വലിയ ദുർവൃത്തന്മാരും അഹംകാരികളും വിഷയാലംബന്മാരും ആയിരുന്നു. ഈ മതസ്ഥാപകന്മാരുടെ ചരിത്രത്തെ ശരിയായി ഗ്രഹിക്കുന്നവരെല്ലാവരും ഇവരെ ഹസിക്കുകയും വെറുക്കുകയും ആണ് ചെയ്യുന്നതു്. പ്രോട്ടസ്റ്റണ്ടു മതസ്ഥാപകന്മാരിൽ ഒരുവനായ കാൽവിൻ തന്നെ

ലൂത്തർ മുതൽപേരെപ്പറ്റി എഴുതിയിരിക്കുന്ന ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളാണ്. "ഈ പുതിയ മതം പ്രസംഗിക്കുന്നതിനു് ഒരുങ്ങി പുറപ്പെട്ടിരിക്കുന്ന പ്രാസംഗികന്മാരിൽ ഒരുവനെങ്കിലും ഒരു നിഷ്കളങ്കമായ ജീവിതം നയിക്കുന്നില്ല. അവർ വേദപുസ്തകം കയ്യിൽ എടുത്തിരിക്കുന്നതു് തങ്ങളുടെ അസന്മാർഗ്ഗിക ജീവിതത്തെ സാധൂകരിക്കുന്നതിനു് വേണ്ടിയാകുന്നു. ഈ പ്രാസംഗികന്മാരെ മറുള്ളവർ അധിക്ഷേപിക്കുന്നതിനെപ്പറ്റി അവർ ആവലാധിപറയുന്നു. വാസ്തവത്തിൽ ഞാൻ ഇവരുടെ പ്രസംഗം കേൾക്കുന്ന ആളുകളുടെ ക്ഷമാശീലത്തെപ്പറ്റി അത്ഭുതപ്പെടുകയാണ് ചെയ്യുന്നതു്. സ്ത്രീകളും കുട്ടികളും ഈ ഉപദേശികളെ കല്ലും മണ്ണും വാരി എറിഞ്ഞു് ഓടിക്കാതിരിക്കുന്നതിനെപ്പറ്റി എനിക്കു വിസ്മയം തോന്നിപ്പോകുന്നു". (Calvin. Les. Scandalss pg. 128.) "ലൂത്തർ, കാൽവിൻ, സ്വിംഗ്ലീയസ്, ബൈസാ, മുതലായവരെപ്പോലെ ഇത്ര വഷളന്മാരായ ആളുകളെ ലോകം ഇതിനു മുമ്പൊരിക്കലും കണ്ടിരിക്കാനിടയില്ല. അവരെല്ലാവരും ഏറ്റവും ലജ്ജാവഹങ്ങളായ നീചകൃത്യങ്ങളെ കൂസൽ കൂടാതെ ചെയ്തിരുന്നവരാണ്", എന്നു് പ്രോട്ടസ്റ്റണ്ടു ചരിത്രകാരനായ കോബാറ് പറയുന്നു.

പ്രോട്ടസ്റ്റൻറുമതപരിഷ്കാരത്തിൻെറ ഫലമെന്തായിരുന്നുവെന്നാണ് ഇനി നമുക്കു നോക്കാനുള്ളതു്. അവരുടെ "ഫലങ്ങളിൽനിന്നും നിങ്ങൾക്കു് അവരെ മനസ്സിലാക്കാം. നല്ല വൃക്ഷങ്ങൾ നല്ല ഫലങ്ങളെ തരുന്നു. ചീത്ത വൃക്ഷങ്ങൾ ചീത്ത ഫലത്തെ തരുന്നു. നല്ല വൃക്ഷം ചീത്ത ഫലത്തേയോ ചീത്ത വൃക്ഷം നല്ല ഫലത്തേയോ തരികയില്ല." എന്നു ദിവ്യരക്ഷകനായ മിശിഹാ അരുളിച്ചെയ്യുന്നു. പ്രോട്ടസ്റ്റൻറുമതസ്ഥാപനത്തിൻെറ ഫലങ്ങൾ അതി ഭയങ്കരങ്ങളായിരുന്നു. പ്രോട്ടസ്റ്റൻറുമതത്തിൻെറ സ്ഥാപനം മൂലം, ക്രൈസ്തവലോകത്തിൻെറ ഐക്യം നഷ്ടീഭവിക്കുകയും ക്രിസ്ത്യാനികളുടെ ഇടയിൽ ശാശ്വതമായ സമാധാനം ഇല്ലാതായിത്തീരുകയും ചെയ്തു. പ്രോട്ടസ്റ്റൻറുമതം മനുഷ്യഹൃദയങ്ങളിൽ അനേകം ശതാബ്ദങ്ങളായി വേരുറച്ചിരുന്ന ക്രൈസ്തവവിശ്വാസത്തെ ബഹിഷ്കരിച്ചിട്ടു് ഏതൽസ്ഥാനത്തു സന്മാർഗ്ഗജീവിതത്തിനു ഹാനികരമായ അനേകം നശീകരോപദേശങ്ങളെ പ്രതിഷ്ഠാപനം ചെയ്തു. പ്രോട്ടസ്റ്റൻറുമതസ്ഥാപനത്തിൻെറ ഫലമായി യൂറോപ്യൻരാജ്യങ്ങളിൽ ജാതിസ്പർദ്ധയും, കലഹപ്രിയവും, അധികാരധിക്കാരവും വർദ്ധിച്ചുവന്നിരുന്നു. ഈ മതം യൂറോപ്പിൽനിന്നും സ്ഥിരമായ സമാധാനത്തെ നശിപ്പിച്ചിട്ടു്, പകരം ഇടവിടാതെ യുദ്ധങ്ങളും കലാപങ്ങളും മനുഷ്യക്കൊല്ലത്തേക്കു തുടർച്ചയായ രാജ്യപ്രവാഹവും ഉണ്ടാക്കിത്തീർത്തു. നിരീശ്വരവാദം, ഹൈതുകമതം, സമത്വവാദം, ബോൾഷെവിസം ഇവയെല്ലാം പ്രോട്ടസ്റ്റൻറുമതത്തിൻെറ സന്താനങ്ങളെന്നു ന്യായമായി വിളിക്കാവുന്നതാണ്. പ്രോട്ടസ്റ്റൻറുമതപരിഷ്കാരത്തിൻെറ ഫലങ്ങൾ എന്തെല്ലാമായിരുന്നുവെന്നു ലൂത്തർ തന്നെ വ്യസനസമേതം എഴുതിയിട്ടുണ്ട്. "നമ്മുടെ ജർമ്മനി സുവിശേഷത്തിൻെറ പ്രകാശത്തെ ലഭിച്ചതിൻെറ ശേഷം മുഴുവനായിട്ടും പിശാചിനു് അധീനമായിതീർന്നതുപോലെ തോന്നിപ്പോകുന്നു. ദൈവഭയം നിശ്ശേഷം ഇല്ലാതായിതീർന്നിരിക്കുന്നു. അതു സകലവിധ തിന്മകളുടെയും ഒരു പ്രളയമായിഭവിച്ചിരിക്കുന്നു. അവർ വേദപുസ്തകത്തെ തിന്നുന്നതിനും കുടിക്കുന്നതിനും മത്തന്മാരായി നടക്കുന്നതിനും ഉപദേശിക്കുന്ന ഒരു നോവൽപോലെ മാത്രം വിചാരിച്ചുവരുന്നു. ഈ നൂതനമതം മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന ആപത്തുകളേയും വഷളത്തങ്ങളേയും മുമ്പെതന്നെ കണ്ടിരുന്നുവെങ്കിൽ, നമ്മളിൽ ആരുംതന്നെ ഈദൃശമായ ഒരു പ്രസ്ഥാനത്തിനു് ഒരുമ്പെടുകയില്ലായിരുന്നു". പ്രോട്ടസ്റ്റൻറുമതത്തിൻെറ ഏതൽക്കാലപര്യന്തമുള്ള ചരിത്രം തന്നെ അതു് ഒരു ദിവ്യസ്ഥാപനമല്ലെന്നു തെളിയിച്ചിരിക്കുന്നു. പ്രോട്ടസ്റ്റൻറുമതത്തിൻെറ ആരംഭം മുതൽ ഇതുവരെയും അതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭി

ന്നതകളും അന്തഃഛിദ്രങ്ങളും ഇതു സാക്ഷാൽ ദിവ്യസ്ഥാപനമായ കത്തോലിക്കാസഭക്കെതിരായുള്ള ഒരു മനുഷ്യനിർമ്മിതിയാണെന്നു വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യരുടെ സകല ചണികളും നശ്വരങ്ങളും ക്ഷയോന്മുഖങ്ങളും ആകുന്നു. പ്രോട്ടസ്റ്റന്റുമതം ഒരു വലിയ ശക്തിയായി ആരംഭത്തിൽ തോന്നിയിരുന്നുവെന്നുമാത്രമല്ല, അതു കത്തോലിക്കാസഭയെ ഗ്രസിച്ചുകളയുമോ എന്നുകൂടി പലരും ഭയപ്പെട്ടിരുന്നു. മൂന്നു കൊല്ലത്തിനകം കത്തോലിക്കാസഭ നശിക്കുമെന്നു ലൂത്തർ ദീർഘദർശനം പറകകൂടി ചെയ്തിരുന്നു. എങ്കിലും പ്രോട്ടസ്റ്റന്റുമതം എത്രയോ ബലഹീനമായ ഒരു സ്ഥാപനമാണെന്നു ലോകം അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. പ്രോട്ടസ്റ്റന്റുമതത്തിന്റെ വ്യാഴദശ അവസാനിച്ചുപോയി എന്നും, അതിന്റെ ശനിദശ ആരംഭിച്ചിരിക്കയാണെന്നും പ്രോട്ടസ്റ്റന്റുകാക്കുതന്നെ നല്ലതിനണ്ണം മനസ്സിലായിട്ടുണ്ട്. പ്രോട്ടസ്റ്റന്റുമതത്തിലുള്ള അനേകായിരങ്ങളായ വിഭാഗങ്ങൾ ആ മതത്തിനു ഒരു കുറ്റംകോടാലിയായിതീർന്നിരിക്കുന്നുവെന്നു ഗ്രഹിച്ചുകൊണ്ടാണ് പ്രോട്ടസ്റ്റന്റുമതത്തിലുള്ള പല മഹാന്മാരും സഭകളുടെ പുനരൈക്യത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. പ്രോട്ടസ്റ്റന്റുമതത്തെ സമൂലനാശം ചെയ്യുന്നതിനായി വേറെ ആരും ഒന്നും ചെയ്യേണ്ട ആവശ്യമില്ല. അതു താനേതന്നെ ക്ഷയിച്ചു നശിച്ചുപോകത്തക്ക അടിസ്ഥാനത്തിന്മേലാണ് സ്ഥിതി ചെയ്യുന്നതു്. പ്രോട്ടസ്റ്റന്റുമതത്തെ ഒരു ബാബേൽകോട്ടയോടു പലരും ഉപമിക്കാറുണ്ട്. ജലപ്രളയത്തിന്റെശേഷം മനുഷ്യർ ദൈവത്തോടു മത്സരിച്ച് ആകാശത്തോളം ഉയരമുള്ള ഒരു കോട്ട പണിയണമെന്നു തീർച്ചപ്പെടുത്തി. മേലാൽ ജലപ്രളയമുണ്ടായാൽ ഇതിൽ കയറി രക്ഷ പ്രാപിക്കണമെന്നാണ് അവർ വിചാരിച്ചതു്. എന്നാൽ, ദൈവം അവരുടെ ഭാഷകൾ പരസ്പരം മനസ്സിലാകാതിരിക്കത്തക്കവണ്ണം വിഭിന്നമാക്കിത്തീർത്തുകൊണ്ടു് അവരുടെ ഈ ശ്രമത്തെ വിഫലമാക്കി. ഇപ്രകാരം തന്നെ മിശിഹായുടെ സത്യസഭയായ കത്തോലിക്കാസഭയെ നശിപ്പിക്കണമെന്നു കരുതി ലൂത്തർപ്രഭൃതികൾ അതിനെതിരായി ഒരു വിരുദ്ധസഭയെ, സ്ഥാപിക്കയിൽ ആ സഭയിൽ പരസ്പരഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും കലഹങ്ങളുമുണ്ടാക്കിക്കൊണ്ടു് ദൈവം അവരുടെ ശ്രമത്തെ നിഷ്ഫലമാക്കിത്തീർത്തു. വാസ്തവത്തിൽ പ്രോട്ടസ്റ്റന്റുമതത്തിലുള്ള അനേകായിരം വിഭാഗങ്ങളും ഉപവിഭാഗങ്ങളും ചിരിവുകളും തിരിവുകളും ശാഖകളും ഉപശാഖകളും കണ്ടു മനസ്സിലാക്കിയിട്ടുള്ളവരെല്ലാം അതു് ഒരു ബാബേൽകോട്ട തന്നെയാണെന്നും ദൈവത്തിന്റെ അധികാരത്തിനു് വിരുദ്ധമായുള്ള ഒരു മനുഷ്യനിർമ്മിതിയാണെന്നും സംവദിക്കാതിരിക്കയില്ല. പ്രോട്ടസ്റ്റന്റുമതം എപ്പോൾ സ്ഥാപിക്കപ്പെട്ടുവെന്നും അതിന്റെ സ്ഥാപകന്മാർ ആരെല്ലാം എന്നും അതിന്റെ സ്ഥാപനകാരണം എന്തെന്നും ചരിത്രം നമ്മെ വിളിച്ചറിയിക്കുന്നുണ്ട്. പ്രോട്ടസ്റ്റന്റുമതത്തിന്റെ ഭൂതകാലചരിത്രവും അതിന്റെ ആധുനികാവസ്ഥയും സമീചീനമായി ഗ്രഹിച്ചിട്ടുള്ളവർക്കു പ്രോട്ടസ്റ്റന്റുസഭകളൊന്നുംതന്നെ ലോകരക്ഷയ്ക്കുള്ള ഏകമാർഗ്ഗമായി ക്രിസ്തു സ്ഥാപിച്ചിട്ടുള്ള സഭകളല്ലെന്നു നിസ്സംശയം അനുമാനിക്കാൻ കഴിയും.

വിജ്ഞാനപ്രദങ്ങളായ രണ്ടു ചിത്രങ്ങൾ

CL. G. M.

വളരെക്കാലങ്ങൾക്കു മുമ്പു ഇറാലിയിലുള്ള ഫ്ലോരൻസ് (Florence) എന്ന നഗരിയുടെ അതിവിശാലമായ പാഥയിൽ കൂടി ചിന്താകുലനായി യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു ചിത്രകാരന്റെ മുമ്പാകെ ഒരു ശിശു അദൃശ്യനായി

കുട്ടിയുടെ അതികോമളമായ ആകൃതിയും പ്രകൃതിയും മനോഹരമായ വദനവും, കൃഷ്ണവർണ്ണമായ കണ്ണുകളും ചുരുണ്ട മുടിയും സൌഷ്ഠവമായ ദേഹപുഷ്ടതയും നമ്മുടെ ഈ ചിത്രകാരന്റെ ഹൃദയത്തെ പരിചിതി സന്തോഷഭരിതമാക്കി. അവന്റെ മുഖകമലങ്ങളിൽനിന്ന് സ്ഫുരിക്കുന്ന തേജഃപുഞ്ജങ്ങളാൽ ചിത്രകാരൻ പ്രകാശതമാനസനായി തന്റെ വ്യസനത്തെ നിശ്ശേഷം അഗണ്യമാക്കിക്കൊണ്ട് കുട്ടിയോടു താഴെവരുംപ്രകാരം സംഭാഷണംചെയ്തു. കുഞ്ഞേ! നീ എന്റെ ചിത്രശാലയിലേക്കു വരുമോ. നിന്റെ ചിത്രത്തെ ആചീകരിക്കുന്നതിനുതിയായ ആഗ്രഹം എനിക്കുണ്ട്. കുട്ടി സന്തുഷ്ടനായി അയാളോടുകൂടെ ആഗതനായി. അവിടെ ചെന്നപ്പോൾ കുട്ടിയുടെ പടം വളരെ വിചിത്രതരമാംവണ്ണം വരച്ചു കുട്ടിയെ കാണിച്ചു. കുട്ടി തന്റെ പ്രതിമയെ ഇതിനുമുമ്പ് കണ്ടിട്ടില്ലാഞ്ഞതിനാൽ വളരെ സന്തോഷിച്ചു മടങ്ങിപ്പോകുകയും ചെയ്തു. ഈ ചരായയെ ചിത്രകാരൻ എത്രയും ഉന്നതമായ ഒരു സ്ഥലത്തു സ്ഥാപിച്ചു അതിനെ തന്റെ ആശ്വാസപ്രദനേപ്പോലെ ഗണിച്ചു ദുഃഖങ്ങളിൽ അതിനോടു സംസാരിക്കപോലും ചെയ്തിരുന്നു.

ഈ സംഭവം കഴിഞ്ഞു കുറെ സംവത്സരം കഴിഞ്ഞപ്പോൾ അതേ തെരുവിൽകൂടി നടന്നുകൊണ്ടിരുന്ന ചിത്രകാരന്റെ മുമ്പിൽ വികൃതവേഷത്തോടും ഭയങ്കരമായ വദനത്തോടും സപ്തദൃഷ്ടികളും മറുമായി വിവിധദുർഗ്രഹണങ്ങളുടെ വിളനിലമായ ഒരു യുവാവു് ആവർഭവിച്ചു. അതിനെ കണ്ടമാത്രയിൽ അയാൾ ഭയാകുലനായി രണ്ടടി പിന്നോട്ടവെച്ചു് ജീവശവംപോലെ നിന്നുപോയി. ഒടുവിൽ ആത്മഗതമായി ഇപ്രകാരം പറഞ്ഞു. 'ആ ഭംഗിയുള്ള പടത്തിനു തീരെ വിപരീതമായി ഈ ഛായയെ വരയ്ക്കാം.' ചിത്രകാരന്റെ പരിഭ്രമത്തെ കണ്ടപ്പോൾ നീചപ്രവൃത്തിയിൽ കാലയാപനം ചെയ്തുവന്ന ആ യുവാവു് അടുത്തുവന്നു ധൈര്യം യാചിച്ചു. 'നീ എന്റെ ശാലയിലേക്കു വരിക. നിന്റെ പടം വരയ്ക്കട്ടെ. എന്നിട്ടു നീ ചോദിക്കുന്നതു തരാം.' എന്നാണ് അയാൾ അതിനു മറുപടിപറഞ്ഞതു്. ഉടനെതന്നെ അവൻ ആ ചിത്രകാരനെ പിന്തുടർന്നു. വീട്ടിലെത്തി അവന്റെ ഛായ നന്നായി വരച്ചു. ഇതിനു് അവനു ലഭിച്ച സമ്മാനം വാങ്ങിക്കൊണ്ടു് പുറത്തിറങ്ങുവാൻ ഭാവിച്ചപ്പോൾ ചുവരിന്മേൽ വെച്ചിരിക്കുന്ന ഒരു കുട്ടിയുടെ പടത്തെ യദൃഛയാ ഇവൻ കണ്ടു. ഇതിന്റെ വീക്ഷണം എന്തൊ അസാധാരണ വികാരങ്ങളെ അവനിൽ ഉല്പാദിപ്പിച്ചു. തൽഫലമായി കണ്ണുനീർ ധാരയായി ഒഴുകുവാനും ഏങ്ങിക്കരയുവാനും തുടങ്ങി. അവന്റെ മുഖഭാവത്തിൽനിന്നു് എന്തൊ ചോദിക്കുവാനുള്ള ഭാവം കാണുന്നുണ്ടെങ്കിലും ഗൽഗതം കാരണത്താൽ യാതൊരു വാക്കും സംസാരിക്കുന്നതിനു സാധ്യമാകാതെ ദുഃഖവശനായി ആ പടത്തിന്റെ മുമ്പിൽചെന്നുനിന്നു. പരിഭ്രമചിത്തനായ ആ ചിത്രകാരൻ ഇതിനെ കണ്ടപ്പോൾ നന്നാ കുഴങ്ങിയെങ്കിലും അതിന്റെ കാരണമെന്താണെന്നു് ആരാഞ്ഞപ്പോൾ ഇപ്രകാരമാണു് ആ യുവാവു് മറുപടിപറഞ്ഞതു്.

"ഇന്നു തന്റെ പുറകെ ശാലയിലേക്കു വരണമെന്നു എന്നോടു് ആജ്ഞാപിച്ചതുപോലെ ഇരുപതു കൊല്ലം മുമ്പു് ഇപ്രകാരമുള്ള ഒരു കല്പനയ്ക്കു കീഴടങ്ങിയതിന്റെ ഫലമാണ് ഈ കാണുന്ന രൂപം. ഈ സ്വരൂപം എന്റേതായിരുന്നു. ഇപ്പോൾ എന്റെ മുഖം സഭ്യന്മാർക്കു ദുസ്സഹമായി തോന്നുന്നു." ഇതുകൾ വിശ്വാസയോഗ്യമല്ലെന്നും തന്റെ ദൃഷ്ടി തന്നെ ചതിക്കുകയില്ലെന്നും മറുമുള്ള വിചാരങ്ങൾ ചിത്രകാരനെ വിഷമിപ്പിക്കയിൽ ചിന്താമഗ്നനായിത്തീർന്നു് അവനോടു വീണ്ടും തന്റെ കഥയെ ആ യുവാവ് പൂർത്തിയാക്കുന്നതിനു ശ്രമിച്ചു. ഞാൻ എന്റെ മാതാപിതാക്കൾക്കു് ഏകസന്താനമായിരുന്നതിനാൽ അവരുടെ അതിരറ്റ ലാളനയ്ക്കു പാത്രീഭൂതനായി. അവരുടെ വിയോഗാനന്തരം ഒരു വലിയ സമ്പത്തിനുവകാശിയായി. എന്നാൽ ധൂർത്തപുത്രനെ വഞ്ചിക്കുന്നതിനായി കൂടെനടന്ന സ്നേഹിതന്മാർ ഈ അവ

സരത്തിൽ എനിക്കും ധാരാളം ഉണ്ടായിരുന്നു. അവരുടെ ഇച്ഛാനുസൃതം ദുഷ്പ്രവൃത്തികൾക്കായി നാടകം, ആട്ടം, പൂതു്, മദ്ധ്യപാനം ആദിയായവയ്ക്കായിട്ടു പിതൃസ്വമായി കിട്ടിയിരുന്ന സ്വത്തിൽ ഒടുവിലത്തെ പൈസ പോലും വിലവഴിച്ചു. ഒടുവിൽ ആശ്രയവിഹീനനായി, ദരിദ്രനായി ഉഴന്നുനടക്കുകയും ജോലി ചെയ്യുന്നതിനോ ഇരക്കുന്നതിനോ ഉള്ള മടിയാൽ വലിയ തസ്കരന്മാരുടെ പ്രവൃത്തിയെ അവലംബിച്ചു പിടിച്ചുപറി, കളവു്, മുതലായവയിൽ പരിചയിച്ചുവരികയുംചെയ്തു. കുറച്ചുകാലത്തേയ്ക്കു തന്റെ പ്രവൃത്തി കാലക്ഷേപത്തിനു മാർഗ്ഗമാക്കിത്തീർത്തുവെങ്കിലും ഉടനെതന്നെ സർക്കാർ നിയമമനുസരിച്ചു് കുറെക്കാരനാകുകയും കഠിനതടവു് വളരെ കൊല്ലത്തോളം കയ്യേൽക്കുകയുമാണുണ്ടായതു്. കാരാഗൃഹത്തിൽനിന്നു സ്വതന്ത്രനായപ്പോൾ സുഹൃജ്ജനങ്ങളുടേയും അപ്രീതി സമ്പാദിച്ചതിന്റെ ഫലമായി ഭക്ഷണവും കൂടി കഴിക്കാതെ ദേഹം ക്ഷയിക്കുന്നതിനും ഇപ്രകാരമാകുന്നതിനും കാരണമായി''.

കഥയവസാനിപ്പിച്ചയുടനെ തന്നെ കണ്ണനീർ ആ നല്ല ചിത്രകാരന്റെ ശുഷ്കകപോലങ്ങളിൽ കൂടി പക്ഷപ്രദേശത്തെ അഭയം പ്രാപിച്ചു. അയാളുടെ കഷ്ടസ്ഥിതിയിൽ ആ മഹാനുഭാവനായ ചിത്രകാരൻ അനുശോചിച്ചുകൊണ്ടു് അവന്റെ ദുഷ്പ്രവൃത്തികളെ ദൂരീകരിക്കുന്നതിനായി സദുപദേശം നൽകി. കൂടാതെയും ഇനിയും ഇപ്രകാരമുള്ള പ്രവൃത്തികളെ ആവർത്തിക്കാതിരിക്കുന്നതിനു മരണപര്യന്തം കാലയാപനത്തിനുള്ള സഹായം ചെയ്തുകൊടുക്കാമെന്നു വാഗ്ദാനവും ചെയ്തു. ഇതിൽപിന്നെ ഭംഗിയുള്ള പടത്തിന്റെ അരികെയായി ഈ ഛായയേയും സ്ഥാപിച്ചു. തന്റെ സ്നേഹിതന്മാർ തൽപ്രവൃത്തിയെപ്പറ്റി ശകാരം തുടങ്ങിയപ്പോൾ അയാൾ അവരോടു പറഞ്ഞ മറുപടി ഇതാണ് ''ഈ രണ്ടു പടത്തിന്റെയും മദ്ധ്യേ ഇരുപതുകൊല്ലത്തെ ദുഷ്പ്രവൃത്തികൾ നിവസിക്കുന്നു.''

മാന്യ വായനക്കാരെ! മേൽപറഞ്ഞതിൽനിന്നു് നമ്മുടെ ഓരോരുത്തരുടെയും ചരിത്രം ആദ്യന്തം മനസ്സിൽ വച്ചുകൊണ്ടിരിക്കുന്നപക്ഷം അതുതന്നെ നമ്മുടെ ജീവിതനൈർമ്മല്യത്തിനു് ഒരുത്തമാദർശമായിത്തീരുമെന്നുള്ളതിനു യാതൊരു തർക്കവുമില്ല. ആയതിനാൽ ആരെങ്കിലും അവരുടെ മുൻകഥയെ വിസ്മരിച്ചിട്ടുണ്ടെങ്കിൽ അതിനെ സ്മരിക്കുകയും തന്റെ ജീവിതോദ്ദേശത്തിനായി ഇന്നുമുതൽക്കെങ്കിലും പരിശ്രമിക്കയും ചെയ്യട്ടെ.

വിവിധവിഷയങ്ങൾ.

ഗോവയിൽ ബോംജ്യൂസസ് പള്ളിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന വി. ശൌയ്യാർപുണ്യവാന്റെ തിരുശ്ശരീരം ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്നു എടുത്തു് അടുത്ത ഡിസംബറിൽ പരസ്യവണക്കത്തിനായി പുറത്തു വെയ്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു. 1910–ൽ തിരുശരീരം പ്രദർശിക്കപ്പെട്ടതിൽപിന്നെ പത്രണ്ടാം കൊല്ലമായ ഈ 1922—ലാണ് അതു നടക്കുവാൻ പോകുന്നതു്.

ആറുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു കഴിഞ്ഞ മാർച്ചു് 22–ാം നു- ബുധനാഴ്ച രാത്രി ഒൻപതരമണിക്കു ഉത്രാടം നക്ഷത്രത്തിൽ ഒരു കൊച്ചു തമ്പുരാനെ പ്രസവിച്ചിരിക്കുന്നു എന്നുള്ള വിവരം ഞങ്ങൾ അത്യന്തം സന്തോഷത്തോടെ പ്രസ്താവിച്ചുകൊള്ളുന്നു. 23-ാംനു- രാവിലെ മഹാരാജാവു തിരുമനസ്സുകൊണ്ടു കൊച്ചുതിരുമേനിയെ തൃക്കൺപാർക്കയും തിരുവവതാരം പ്രമാണിച്ചു കല്പിച്ചു ഇരുപത്തൊന്നു ആചാരവെടി വയ്പിക്കയും ചെയ്തുയുണ്ടായി.

തുപ്പുണിത്തുറ നടമേൽപള്ളിഇടവകക്കാരനും പ്രസിദ്ധപ്പെട്ട വടയാടി കുടുംബത്തിലെ ഒരംഗവുമായ ബ. വടയാടി പൌലോസ് ശെമ്മാശ്ശൻ അവർകൾ ഇക്കഴിഞ്ഞ മാസം ഒടുവിൽ എറണാകുളം മെത്രാസന അരമനയിൽവെച്ച കത്തോലിക്കുവിശ്വാസം സ്വീകരിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ മനോന്തരം മൂലം തുപ്പുണിത്തുറെയുള്ള പല മാന്യ യാക്കോബായ സുറിയാനിക്കാരും കത്തോലിക്കസഭയിലേക്കു പുനരൈക്യപ്പെട്ടുവാനിടയുള്ളതായി അറിയുന്നു.

കിഴക്കൻറിത്തുകാരെ പ്രത്യേകിച്ചുള്ളതിരുസ്സംഘത്തിന്റെ മേലദ്ധ്യക്ഷനായ മഹാ ദിവ്യശ്രീ കർദ്ദിനാൾ മരിനി അവർകൾ പുതിയ മാപ്പാപ്പായുടെ തിരഞ്ഞെടുപ്പു പൂർത്തിയാകുന്നതിനു മുമ്പു ഇൻഫ്ലുവെൻസാ പിടിപെട്ട ദേഹവിയോഗം ചെയ്തതായി ചില പത്രങ്ങളിൽ കാണുകയുണ്ടായി. എന്നാൽ മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പു കഴിഞ്ഞശേഷം തന്റെകീഴുള്ള മെത്രാന്മാർക്ക് അയച്ച സർക്കുലർ കല്പനയിൽ കർദ്ദിനാൾ മരിനി ഒപ്പിട്ടിട്ടുള്ളതു കൂടാതെ അദ്ദേഹം 11-ാം പീയുസ് മാർപ്പാപ്പായെ സന്ദർശിച്ചതായി "ഒബ് സർവത്തോരെ റോമാനോ" എന്ന റോമൻ പത്രത്തിലും പ്രസ്താവിച്ചുകാണുന്നുണ്ട്. ഇതിനുംപുറമെ മാർച്ച് 11-ാംനു- അദ്ദേഹം എഴുതി ഒപ്പിട്ടിട്ടുള്ള ഒരെഴുത്തു കോട്ടയം വികാരി അപ്പസ്തോലിക്കാ അവർകൾക്കു കിട്ടിയിട്ടുള്ളതായി അറിയുന്നതുകൊണ്ടും ടി പ്രസ്താവന ശരിയല്ലെന്നു അനുമാനിക്കാവുന്നതാണ്.

കഴിഞ്ഞ ജനുവരി 5-ാംനു- സ്യമോണിയാ ദീനത്താൽ നിര്യാതനായ ഒല്ലൂർപള്ളിയിടവക മേച്ചേരിൽ ബ. യൌസേപ്പുകത്തനാർ അവർകളുടെ സ്മാരകമായി അദ്ദേഹത്തിന്റെ ഛായാപടം അച്ചടിച്ചിട്ടുള്ളതിന്റെ ഒരുപ്രതി അയച്ചുതന്നതു ഇവിടെ കിട്ടിയിരിക്കുന്നു. ഒരുവശത്തു ബ. അച്ഛന്റെറയും മറുവശത്തു പ്രസിദ്ധപ്പെട്ട ലിസ്ബയാസിലെ തുങ്ങപ്പെട്ടരൂപത്തിന്റെയും ഛായകളാണ് ഭംഗിയായി അടിച്ചിരിക്കുന്നതു്. ഒരു കാൻഡി വിദ്യാർത്ഥിയായിരുന്ന റവ. മേച്ചേരി അവർകൾ 1906-ൽ ഗ്രൂപ്പെട്ടമേറെ സ്വദേശത്തു വന്നശേഷം പല പള്ളികളുടെയും വികാരിത്വജോലി സ്തുത്യർഹമായവിധം നടത്തിയിട്ടുള്ള സമർത്ഥനായ ഒരു യുവവൈദികനായിരുന്നു. മരിക്കുമ്പോൾ 40 വയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളു. അകാലവിയോഗം ചെയ്ത ഈ മാന്യവൈദികന്റെ ഓർമ്മയെ നിലനിർത്തുന്നതിനായി മേൽപ്രകാരമുള്ള ഒരു സ്മാരകചിത്രം പ്രചരിപ്പിച്ച തൽപ്രവർത്തകന്മാരുടെ കൃത്യം അഭിനന്ദനീയവും അനുകരണയോഗ്യവുമായിരിക്കുന്നു.

സിദ്ധൌഷധങ്ങൾ.

അഫീൻ തിന്നുമയക്കം വരുമ്പോൾ, പച്ചവെള്ളത്തിൽ കായം കലക്കിക്കൊടുത്താൽ മതി. ബോധം ഉണ്ടാകുന്നതാണ്.

വെളുത്ത ഉള്ളിയും സമം ചുണ്ണാമ്പും കൂടി അരച്ചു പുരട്ടുന്നതായാൽ കത്തികൊണ്ടുള്ള മുറിവും ചതവും ഉടനെ സുഖപ്പെടുന്നതാണ്.

കുഷ്ഠരോഗം ബാധിച്ചവർ ദിവസേന ഓരോ തുടം "മരവെട്ടി" എണ്ണ സേവിക്കുന്നതായാൽ രോഗം ശമിക്കുന്നതാകുന്നു.

ഒന്നരപ്പലം ആവണക്കില ഇരുനാഴി വെള്ളത്തിൽ തിളപ്പിച്ച് ആ വെള്ളം കൊണ്ടു മാവ് കഴുകുന്നതായാൽ പ്രസവിച്ചു കിടക്കുന്ന സ്ത്രീകൾക്കു മുലപ്പാൽ വർദ്ധിക്കുന്നതാകുന്നു.

അറിയിപ്പ്.

ഞങ്ങൾ മുൻകൂട്ടി ചെയ്തിരുന്ന വിജ്ഞാപനമനുസരിച്ച് കഴിഞ്ഞ ഫെബ്രുവരി ലക്കം ഞങ്ങളുടെ വരിക്കാക്കു വി. പി. ആയി അയച്ചതിൽ ഏതാനും മാസികകൾ മടങ്ങിവരികയുണ്ടായിട്ടുണ്ട്. ഇതിൽ ചിലതു് ഉടമസ്ഥന്മാർ സ്ഥലത്തില്ലാഞ്ഞതുകൊണ്ടും മറ്റു ചിലതു അഞ്ചൽശിപായിമാരുടെ തകരാറുകൾ കൊണ്ടും മറ്റുമാണ് വന്നിട്ടുള്ളതെന്നു പല സ്ഥലങ്ങളിൽനിന്നും ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന വരിക്കാരുടെ കത്തുകൾകൊണ്ടു മനസ്സിലാകുന്നുണ്ട്. ഇങ്ങനെ കിട്ടാതെവന്നിട്ടുള്ളവരുടെ പേക്കു്, അവർ വരിസംഖ്യ മണിയോർഡറായി അയച്ചതായുള്ള വിശ്വാസത്തിന്മേൽ മാസിക വീണ്ടും അയച്ചിട്ടുണ്ട്. മണിയോർഡർ ചെയ്യുന്നതിനു സൌകര്യപ്പെടാത്തവർ മാസിക വി. പി. ആയി അയക്കുന്നതിനു സമ്മതിച്ചു കത്തയച്ചാൽ അപ്രകാരം ചെയ്യുന്നതിനു ഞങ്ങൾ തയാറാണ്. എഴുത്തുകുത്തുകളിൽ ഒക്കെയും തങ്ങൾക്കുള്ള മാസികയുടെ രജിസ്റ്റർനമ്പർ കൂടി കാണിച്ചിരിക്കണമെന്നു പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. തകരാറു കാണിച്ചിട്ടുള്ള അഞ്ചൽശിപായിമാരെ സംബന്ധിച്ചു കൂടുതൽ വിവരം അറിയിച്ചതനുസരിച്ചു ഡിപ്പാർട്ടുമെന്റു മുഖാന്തരം വേണ്ട നടപടികൾ ഞങ്ങൾ നടത്തിക്കൊള്ളാവുന്നതാണെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

മാനേജർ.

വിജ്ഞാപനം.

സെൻറ് ആൻറണിയുടെ വണക്കമാസം.

വില അണ 8.



അത്ഭുതപ്രവർത്തകനെന്നു പ്രസിദ്ധനായ വിശുദ്ധ അന്തോനീസിനോടുള്ള ഭക്തി നമ്മുടെ നാട്ടിലെന്നല്ല, ലോകം മുഴുവനും നിറഞ്ഞിരിക്കുന്ന ഇക്കാലത്തു് പുസ്തകത്തിന്റെ ആവശ്യം കത്തോലിക്കകുടുംബങ്ങൾക്കു് ഒഴിച്ചുകൂടാത്ത ഒന്നുതന്നെയാണ്.

കമ്മീഷൻവിവരം.

12	പുസ്തകത്തിനു	1	പുസ്തകം
20	,,	2	,,
35	,,	4	,,
50	,,	6	,,

മെയ് 30-ാംനു-ക്കു മേൽ 20-ൽ അധികം കൊടുക്കുന്നതല്ല.

മാനേജർ,
കത്തോലിക്കമിഷ്യൻഡിപ്പോ
കോട്ടയം.

Printed and Published by P. U. Lukas at the Catholic Mission Press, Kottayam.

Registered No. M. 1481. Registered No. T. 19

കത്തോലിക്ക

തത്ത്വമാഹാത്മ്യം.



കത്തോലിക്ക മതതത്ത്വങ്ങളിൽ കൂടുതൽ പാണ്ഡിത്യം സിദ്ധിക്കണമെന്നാഗ്രഹമുള്ളവർക്കും കത്തോലിക്കസഭയേപ്പറ്റി തെറ്റിദ്ധാരണയുള്ളവർക്കും ഈ പുസ്തകപാരായണമൂലം അനേകം ഗുണങ്ങൾ സിദ്ധിക്കുന്നതാണ്.

200–ൽപ്പരം പുറങ്ങളുള്ള ഈ പുതിയ പുസ്തകത്തിനു വില ഒരു രൂപാ നാലണ മാത്രം. ഒരുഡസനിൽ കൂടുതൽ എടുക്കുന്നവർക്ക് പ്രത്യേകനിരക്ക് ഒരുമടിക്കുന്നതാണ്.

കുറച്ചു പ്രതികൾ മാത്രമേ അടിച്ചിട്ടുള്ളു. ഉടനെ അപേക്ഷിക്കാത്തപക്ഷം പിന്നീട് ഇഷ്ടഭംഗത്തിനു ഇടവന്നേക്കാവുന്നതാണ്.

മേൽവിലാസം { 1. പി. കെ. സെബാസ്റ്റ്യൻ—കുറവിലങ്ങാട്.
2. മാനേജർ, കത്തോലിക്കമിഷ്യൻപ്രസ്സ്—കോട്ടയം.

സൗഖ്യമായ ഉല്പാദനശക്തിയേയും ശരിയായ മാതൃത്വത്തേയും ഉത്തമമായ സന്താനലാഭത്തേയും യാതൊരു കൃത്രിമപ്രതികൾ കൂടാതെ നൽകുന്നതിനുതകുന്നതും വിധഗ്ദ്ധന്മാരായ ഇംഗ്ലീഷ്ഡാക്ടറന്മാരാലും നാട്ടുവൈദ്യന്മാരാലും മറ്റു മഹാന്മാരാലും സർവ്വദാ ആദരിക്കപ്പെട്ടിരിക്കുന്നതും പ്രയോഗത്തിൽ അത്യാനന്ദഫലം പ്രധാനം ചെയ്യുന്നതുമായ

ഏബ്രഹാം വൈദ്യന്റെ

ഗർഭരക്ഷാഗുളികകൾ.

ഈ ഗുളികകൾ ഗർഭിണികൾക്കുണ്ടാകുന്ന നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും സുഖകരമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യരക്ഷയ്ക്കും ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു.

ചതിധർമ്മപരിപാലനത്തിന് ഇനിക്കു ശക്തിയാകുമോ? മാതൃത്വം വഹിക്കുന്നതിനു ഞാൻ യോഗ്യയാണോ? ഒരു ഉത്തമസന്താനലാഭം ഇനിക്കു സിദ്ധിക്കുമോ? അതിന്റെ ആനന്ദം കൂടാതെ ഇനിക്കു കാക്കാമോ?

എന്നിങ്ങനെ സദാ ചോദിച്ചും വിചാരപ്പെട്ടും സമയം പോക്കുന്ന മഹതീമണികൾ, ഉത്തമായ ചികിത്സോപദേശത്തെ അവലംബിക്കാമെന്നു ധൈര്യപ്പെടുക. പ്രധാനങ്ങളായ ആനുഷംഗികളെക്കൊണ്ടു സ്വാസ്ഥ്യവ്യാപാരങ്ങളെ യഥാക്രമം നടത്തിപ്പാൻ പ്രകൃതിയെ സഹായിക്കുന്ന ഏബ്രഹാംവൈദ്യന്റെ ഗർഭരക്ഷാഗുളിക പലരേയും ആശ്വാസപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഇതിന്റെ പ്രത്യക്ഷഗുണഫലങ്ങളാലും വിവരണവിനാലും വ്യാജനിർമ്മിതങ്ങളായ ഗുളികകൾ കൂടി ഉരുവിച്ചിട്ടുള്ളതിനാൽ പൂർണ്ണഫലം സിദ്ധിക്കണമെന്നുള്ളവർ ഏബ്രഹാംവൈദ്യന്റെ ഗർഭരക്ഷാഗുളിക എന്ന പേരും മുദ്രയും പടവും കുപ്പിവടയുടെ നോക്കി വാങ്ങിക്കണം. ആലപ്പുഴെ വരുന്നവർ കമ്പോളത്തിലെ കൃത്രിമവില്പനയിൽ കുടുങ്ങാതെ ആലപ്പുഴെ കല്ലുപാലത്തിനു സമീപം തെക്കു കൊട്ടാരപ്പാലത്തിനു പടിഞ്ഞാറുവശമുള്ള ബാങ്ക്സാവിലെ എന്റെ ഡിസ്പെൻസറിയിൽ വരണം.

ഒരു മാസത്തെ ഗുളിക ക. 1½. ആറു മാസത്തെ ക. 8.

"മിസ്റ്റർ ഏബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, ആയുർവൈദ്യന്മാർ, വൈദികന്മാർ, തമ്പുരാക്കന്മാർ, ചേഡി ഡാക്ടറന്മാർ മുതലായി അനുഭവസ്ഥരായ അനവധി മാന്യന്മാരുടെയും മഹതികളുടെയും കൈവശം ഒട്ടുവളരെ ഇംഗ്ലീഷു മലയാള യന്ത്രമാനപത്രങ്ങളിലൂടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. "മലയാളമനോരമ."

വൈദ്യൻ ഈ. ഡബ്ളിയു ഏബ്രഹാം, മെഡിക്കൽഹാൾ,
കൊട്ടാരപ്പാലത്തിനു സമീപം, ആലപ്പുഴ.